പതിമൂന്നാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 301

24.2.2011 ൽ
മറുപടിയ്ക്ക്

## സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പന കേന്ദ്രങ്ങളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ ;<br>ശ്രീ. ബി.ഡി.ദേവസ്സി ;<br>ശ്രീമതി . കെ.കെ.ലതിക<br>ശ്രീ. ബി. രാഘവൻ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പന കേന്ദ്രങ്ങളുടെ നവീകരണത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | എ) | സപ്ലൈകോ വിൽപ്പനശാലകളുടെ നവീകരണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ അനുബന്ധം എ യായി ചേർക്കുന്നു. |
| ബി) | കോർപ്പറേഷൻ എത്ര ഹൈപ്പർ മാർക്കറ്റുകൾ ആരംഭിച്ചിട്ടുണ്ട് ; എവിടെയെല്ലാം ; | ബി) | 3 ഹൈപ്പർ മാർക്കറ്റുകൾ ആണ് ഇതുവരെ ആരംഭിച്ചിട്ടുള്ളത്. എറണാകുളം, തിരുവനന്തപുരം, കോട്ടയം എന്നിവിടങ്ങളിലാണ് ഇവ ആരംഭിച്ചിട്ടുള്ളത്. |
| സി) | നിത്യോപയോഗസാധനങ്ങൾക്കു പുറമെ എന്തെല്ലാം സാധനങ്ങളാണ് ഇവിടെ വിൽപ്പന നടത്തുന്നത് ; | സി) | എല്ലാ നിത്യോപയോഗസാധനങ്ങൾക്കു പുറമെ എല്ലാ ഉപഭോക്തൃതാൽപ്പര്യ ഉൽപ്പന്നങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുകയാണ് ഉദ്ദേശം. പച്ചക്കറി, ബേക്കറി, ഗിഫ്റ്റ് / പ്രസന്റേഷൻ, പാദരക്ഷകൾ, തുണിത്തരങ്ങൾ, ക്രോക്കറി തുടങ്ങി എല്ലാ സാധനങ്ങളും ലഭ്യമാക്കും. |
| ഡി) | വൻകിട കമ്പനികളുടെ റീട്ടെയിൽ സംരംഭങ്ങളെ നേരിടാൻ കഴിയും വിധം ഇവയെ സജ്ജമാക്കുമോ ; | ഡി) | വൻകിട കമ്പനികളുടെ സംരംഭങ്ങളെ നേരിടാൻ കഴിയും വിധമാണ് ഹൈപ്പർ മാർക്കറ്റുകൾ ഒരുക്കിയിട്ടുള്ളത്. അന്താരാഷ്ട്ര നിലവാരമുള്ള ഫർണിഷിംഗ്, പൂർണ്ണമായും ശീതീകരണ സംവിധാനം തുടങ്ങിയവ ഏർപ്പെടുത്തിയ വിൽപ്പനശാലകൾ ആണ് ഹൈപ്പർ മാർക്കറ്റുകൾ. സാധനങ്ങൾ സ്വയം തെരഞ്ഞെടുക്കാനും ഇവിടെ സൗകര്യമുണ്ടായിരിക്കും. ഇതുമൂലം സാധാരണ ഉപഭോക്താക്കൾക്ക് വിപണന |

രംഗത്തെ ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കാനും മിതമായ വിലയ്ക്ക് അവർക്ക് ആവശ്യമുള്ള വസ്തുക്കൾ വിതരണം ചെയ്യാനും കഴിയുന്നു. ഇതിന് പുറമെ എല്ലാ വിൽപ്പനശാലകളും വൃത്തിയായി സൂക്ഷിച്ച് പരമാവധി ഉപഭോക്തൃസൗഹൃദാന്തരീക്ഷം സൃഷ്ടിച്ചിട്ടുമുണ്ട്.

| | | | |
|---|---|---|---|
| ഇ) | കോർപ്പറേഷന്റെ വിൽപ്പന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | ഇ) | വിൽപ്പന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഇതിനോടകം തന്നെ നടപടിയെടുത്തിട്ടുണ്ട്. സാധനങ്ങൾ സ്വയം തെരഞ്ഞെടുക്കാൻ കഴിയുന്ന വിൽപ്പനശാലകളിൽ നവീന റാക്കുകൾ, ട്രോളി എന്നിവ ഏർപ്പെടുത്തി വിൽപ്പനശാലകൾ കൂടുതൽ ആകർഷകമാക്കി. വിൽപ്പനകേന്ദ്രങ്ങൾ വൃത്തിയായി സൂക്ഷിക്കാൻ ആവശ്യമായ നടപടി എടുത്തു. വിൽപ്പനശാലകൾ മോടി പിടിപ്പിക്കുകയും നവീന ബോർഡുകൾ സ്ഥാപിച്ച് കൂടുതൽ ആകർഷകമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് പുറമെ ഉപഭോക്താക്കളോട് സൗഹൃദമായി പെരുമാറാനും, അവർ വാങ്ങിയ സാധനങ്ങളുടെ തൂക്കം പരിശോധിക്കാനും ആവശ്യമായ നടപടികൾ എടുത്തു. |

[signature]

**സെക്ഷൻ ഓഫീസർ**

[illegible]

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 302. 24-02-2011-ൽ മറുപടിയ്ക്ക്

## യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ:<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു:<br>ശ്രീ.കെ.ടി.ജലീൽ:<br>ശ്രീ.എസ്.രാജേന്ദ്രൻ: | | ശ്രീ.വി.സുരേന്ദ്രൻ പിള്ള<br>(തുറമുഖവും യുവജനകാര്യവും വകുപ്പു മന്ത്രി) |
| (എ) | യുവജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശംങ്ങൾ നൽകുമോ; | (എ) യും (ബി) യും.<br>തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പഞ്ചായത്ത് യൂത്ത് സെന്ററുകൾ മുഖേന യുവാക്കൾക്ക് വിവിധ മേഖലകളിൽ (കാർഷിക, വ്യവസായിക മേഖലകളിൽ) തൊഴിൽ പരിശീലനം നൽകുന്നു. ഇതിനു വേണ്ടി എല്ലാ പഞ്ചായത്തിലും യൂത്ത് കോർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ സ്വയം തൊഴിൽ പരിശീലനത്തിനായി യുവജന ക്ലബ്ബുകൾക്ക് ധനസഹായം നൽകുന്നു. കോർപ്പറേറ്റ് സ്വകാര്യ മേഖലകളിലെ ജോലി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ജോബ് ഫെസ്റ്റ് എന്ന പേരിൽ തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നുണ്ട്. വെബ്സൈറ്റ് വഴി ജോബ് രജിസ്ട്രേഷൻ, ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ഇൻഫർമേഷൻ സെന്റർ, ഇന്റർനെറ്റ് സൗകര്യം എന്നിവ യുവജനങ്ങൾക്ക് പ്രയോജനപ്പെടത്തക്ക രീതിയിൽ ജാലകം എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (ബി) | സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായിക്കുന്ന എന്തെങ്കിലും പരിശീലന പരിപാടികൾ ബോർഡ് നടത്തുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | |

| | | | |
|---|---|---|---|
| (സി) | ബോർഡിന്റെ ആഭിമുഖ്യത്തിൽ തൊഴിൽമേളകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) | സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നുണ്ട്. |
| (ഡി) | യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഡി) | യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വയംതൊഴിൽ പരിശീലനം, ബോധവൽക്കരണം, കാർഷിക വികസന പദ്ധതികൾ എന്നിവയ്ക്ക് യുവജനക്ഷേമ ബോർഡ് വഴി ധനസഹായം നൽകി വരുന്നു. കൂടാതെ, സാമൂഹ്യ സേവന രംഗത്ത് മികവ് പ്രകടിപ്പിക്കുന്ന സംഘടനകൾക്ക് വർഷംതോറും യൂത്ത് അവാർഡുകൾ നൽകി വരുന്നു. യുവാക്കളിൽ സാഹസികത വളർത്തുക ലക്ഷ്യമാക്കി യുവജനക്ഷേമബോർഡ് കേരളത്തിലെ വിവിധ ജില്ലകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട യൂത്ത് ക്ലബ്ബുകൾക്ക് സാഹസിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായി ധനസഹായം നൽകി വരുന്നു. വനിതകളുടെ ക്ഷേമത്തിനും ഉന്നമനത്തിനും ലക്ഷ്യമിട്ട് വനിതാ യൂത്ത് ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും തൊഴിൽ മേഖലകൾ പരിചയപ്പെടുത്തുന്നതിനുമായി സ്വയംതൊഴിൽ പരിശീലന സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും ധനസഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ.

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനേഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 303 24-2-2011ലെ മറുപടിയ്ക്ക്**

നികുതി വകുപ്പിൽ നടപ്പിലാക്കിയ ഭരണ നവീകരണ പ്രവർത്തനങ്ങൾ

**ചോദ്യം**
ശ്രീ. കെ. കുഞ്ഞിരാമൻ
ശ്രീ. ടി. പി. കുഞ്ഞുണ്ണി
ശ്രീ. കെ. സി. രാജഗോപാലൻ

**ഉത്തരം**
ഡോ.ടി.എം.തോമസ് ഐസക്
(ധനകാര്യ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | **നികുതി വകുപ്പിൽ നടപ്പിലാക്കിയ ഭരണ നവീകരണ പ്രവർത്തനങ്ങൾ വിശദമാക്കുമോ:** | **എ)** | കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് കേരളത്തിലെ നികുതി ഭരണം സമൂലമായ പരിഷ്കരണത്തിനു വിധേയമാക്കി. ഇതിൽ ഏറ്റവും പ്രധാനം സമഗ്രമായ കമ്പ്യൂട്ടറൈസേഷൻ ആണ്. കേരളം ഇക്കാര്യത്തിൽ മാതൃകയായി അംഗീകരിക്കപ്പെട്ടു. രണ്ടു ദേശീയ അവാർഡും ഇതിനകം ലഭിച്ചു.<br>രണ്ടാമതായി, 2.18 ലക്ഷം വരുന്ന കെജിഎസ്ടി കുടിശിക അസെസ്മെന്റുകൾ അദാലത്തു വഴി തീർപ്പു കൽപ്പിച്ചു. തന്മൂലം പെട്രോളിയം, മദ്യം എന്നിവ ഒഴികെയുള്ള കെജിഎസ്ടി കേസുകളിൽ നിന്ന് മുഴുവൻ ജീവനക്കാരെയും വാറ്റിലേയ്ക്ക് മാറ്റി നിയോഗിച്ചു.<br>മൂന്നാമതായി, ഇ-റിട്ടേൺ, ഇ-പേമെന്റ് എന്നിവ നടപ്പാക്കി. ഇതിന്റെ ഫലമായി 25 ശതമാനത്തിൽ താഴെ മാത്രം ഉണ്ടായിരുന്ന റിട്ടേൺ സ്ക്രൂട്ടണി ഇപ്പോൾ 85 ശതമാനത്തിലധികമായി ഉയർത്താൻ കഴിഞ്ഞു. റിട്ടേൺ സ്ക്രൂട്ടണി കൂടുതൽ ഫലപ്രദമാക്കുന്നതിനു വേണ്ടി ഓഡിറ്റ് അസെസ്മെന്റ് വിംഗിനെ വാറ്റു സർക്കിളുകളുമായി സംയോജിപ്പിച്ചു. വാറ്റു സർക്കിളുകളിലെ ഫയലുകളുടെ എണ്ണം പുനക്രമീകരിച്ചു.<br>നാലാമതായി, നികുതി കുടിശിക കേസുകൾ പ്രത്യേകം പ്രത്യേകമായി പരിശോധിച്ച് ഇതിനകം റവന്യൂ റിക്കവറിയിലൂടെ ബോട്ട് ഇൻ ലാന്റായി പിടിച്ചെടുത്തതോ പണം |

| | | | |
|---|---|---|---|
| | | | പിരിച്ചെടുത്തതോ റവന്യൂ അധികൃതർ കിട്ടാക്കടമായി പ്രഖ്യാപിച്ചതോ ആയ കേസുകളെ കുടിശിക ലിസ്റ്റിൽ നിന്ന് ഒഴിവാക്കി ബാക്കിയുള്ളവ ആംനസ്റ്റി സ്കീം വഴി ഒറ്റത്തവണ തീർപ്പാക്കി. ഇപ്പോൾ സ്റ്റേയിൽ ഉൾപ്പെടാത്ത പിരിച്ചെടുക്കാൻ കഴിയുന്ന കുടിശിക 747.33 കോടി രൂപ മാത്രമാണ്.<br>അഞ്ചാമതായി, ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തി. തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശൂർ എന്നീ ജില്ലാകേന്ദ്രങ്ങളിൽ ടാക്സ് കോംപ്ലക്സുകളുടെ പണി പൂർത്തിയാക്കി. ജീവനക്കാരുടെ മുഖ്യപരാതികൾ പരിഹരിച്ചു.<br>ആറാമതായി, ക്ലറിക്കൽ സ്റ്റാഫിനടക്കം മൂന്നുവട്ടം സംസ്ഥാന തലത്തിൽ സമ്പൂർണ പരിശീലനം നൽകി. മന്ത്രി തന്നെ പങ്കെടുത്ത് മേഖലാടിസ്ഥാനത്തിൽ വർഷത്തിൽ രണ്ടുവട്ടം നികുതി പിരിവ് അവലോകനം നടത്തി.<br>ഏഴാമതായി, വ്യാപാരി സൗഹൃദ സമീപനം സ്വീകരിച്ചു. നിരന്തരമായി അവരുമായി ചർച്ചകൾ നടത്തി പ്രശ്നങ്ങൾ പരിഹരിച്ചു. |
| ബി) | **അതിർത്തി ചെക്കു പോസ്റ്റുകൾ ആധുനികവത്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ:** | **ബി)** | അതിർത്തി ചെക്ക് പോസ്റ്റുകളിൽ കമ്പ്യൂട്ടറൈസേഷൻ നടത്തി. വാളയാർ, മഞ്ചേശ്വരം, മുത്തങ്ങ, അമരവിള എന്നിവിടങ്ങളിൽ സംയോജിത ചെക്ക് പോസ്റ്റുകൾ നടപ്പാക്കുന്നതിനുള്ള പ്രവർത്ത നങ്ങൾ സ്വീകരിച്ചു. പാലക്കാട് ജില്ലയിലെ ചെക്ക്പോസ്റ്റുകളും മഞ്ചേശ്വരം, അമരവിള അതിർത്തി ചെക്ക്പോസ്റ്റുകളും അഴിമതി വിമുക്തമാക്കി. |
| സി) | **നികുതി കണക്കുകൾ കമ്പ്യൂട്ടർ മുഖേ ന നൽകുന്നതിനുള്ള സമ്പ്രദായം ഏർപ്പെടുത്തിയതു മൂലമുണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്:** | **സി)** | റിട്ടേൺ സ്ക്രൂട്ടണി ശാസ്ത്രീയമാക്കി സ്ക്രൂട്ടണിയുടെ കാര്യക്ഷമത ഉയർത്താൻ കഴിഞ്ഞു. ഇ-പേമെന്റ് നടപ്പായതിലൂടെ നികുതി തൽസമയം സർക്കാർ ഖജനാവിൽ എത്തുന്നു. ഇ-ഫയലിംഗ് സമ്പ്രദായം ലളിതവും സുതാര്യവുമാണ്. വ്യാപാരികൾ തമ്മിലുള്ള |

| | | | |
|---|---|---|---|
| | | | ക്രയവിക്രയങ്ങൾ ഡാറ്റാബേസിൽ ഉള്ളതിനാൽ റിട്ടേൺ സ്ക്രൂട്ടണി വഴി കണക്കിൽ ഉൾപ്പെടുത്താത്ത ക്രയവിക്രയങ്ങൾ കണ്ടുപിടിക്കാനാവുന്നു. നികുതി ചോർച്ച തടയുന്നതിനു ഇവയൊക്കെ സഹായിക്കുന്നു. പ്രധാന ചെക്ക് പോസ്റ്റുകൾ കമ്പ്യൂട്ടർ വത്കരിച്ചതിലൂടെ ചെക്ക് പോസ്റ്റുകൾ വഴി കടന്നു പോകുന്ന വാഹനങ്ങളുടെയും ചരക്കുകളുടെയും വിശദ വിവരങ്ങൾ ഉടൻ തന്നെ നികുതി നിർണയ അധികാരികൾക്കു ലഭ്യമാകുന്നു. |
| ഡി) | **ഇതുമൂലം നികുതി വെട്ടിപ്പ് തടയാൻ കഴിഞ്ഞിട്ടുണ്ടോ:** | **ഡി)** | **ഉണ്ട്.** |
| ഇ) | **നികുതി ചോർച്ച തടയുന്നതിന് സ്വീകരിച്ച മറ്റു നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?** | **ഇ)** | ഇന്റലിജൻസ് വിഭാഗത്തിന് പുതിയ വാഹനങ്ങളും കൂടുതൽ ജീവനക്കാരെയും നൽകി. കാര്യക്ഷമമായി പ്രവർത്തിക്കുന്ന ജീവനക്കാർക്ക് അവാർഡുകൾ ഏർപ്പെടുത്തി. ഇന്റലിജൻസ് വിഭാഗം കാര്യക്ഷമമാക്കാൻ വേണ്ടി പുതുതായി മലപ്പുറം, വയനാട്, മട്ടാഞ്ചേരി, ആലപ്പുഴ എന്നിവിടങ്ങളിൽ ഐഎസി ഇന്റലിജൻസ് ഓഫീസുകൾ പുതുതായി ആരംഭിച്ചു. വയനാട്, കാസർകോട്, പത്തനംതിട്ട ജില്ലകളിൽ പുതുതായി ഡെപ്യൂട്ടി കമ്മീഷണർമാരുടെ ഓഫീസുകൾ തുടങ്ങി. മേൽനോട്ടം കാര്യക്ഷമമാക്കാൻ വേണ്ടി 3 ജോയിന്റ് കമ്മീഷണർമാരുടെ തസ്തികകൾ സൃഷ്ടിച്ചു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.304** **24.02.2011-ൽ മറുപടിക്ക്**

***ജീവനക്കാർക്കായി ആവിഷ്കരിച്ച പുതിയ പദ്ധതികൾ***

ചോദ്യം

ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീമതി. കെ.എസ്. സലീഖ

ഉത്തരം

ഡോ. റ്റി.എം.തോമസ് ഐസക്ക്
ധനകാര്യ മന്ത്രി

| | | |
|---|---|---|
| (എ) | മുൻ സർക്കാർ തടഞ്ഞുവച്ചിരുന്ന ജീവനക്കാരുടെ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | മുൻസർക്കാരിന്റെ കാലഘട്ടത്തിൽ വ്യയനിയന്ത്രണത്തിന്റെ ഭാഗമായി നിർത്തലാക്കിയ ഭവന വായ്പ പദ്ധതി 2009-10 സാമ്പത്തിക വർഷം മുതൽ പുനരാരംഭിച്ചിട്ടുണ്ട്. പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ആദ്യ രണ്ട്വർഷം അടിസ്ഥാന ശമ്പളം മാത്രം നൽകിയാൽ മതിയെന്ന ഉത്തരവുമൂലം ആനുകൂല്യം നഷ്ടപ്പെട്ട എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമിതരായ ജീവനക്കാർക്ക് കുടിശ്ശിക ക്ഷാമബത്തയും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചു. പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ആരംഭിക്കുന്നതാണെന്ന നിർദ്ദേശം പിൻവലിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | ജീവനക്കാർക്കായി ആവിഷ്കരിച്ച പുതിയ പദ്ധതികൾ ഏതെല്ലാമാണ്; | സംസ്ഥാന സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനത്തിലെ ജീവനക്കാർ, യൂണിവേഴ്സിറ്റി ജീവനക്കാർ തുടങ്ങിയവർക്ക് ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചു. കൂടാതെ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ധനവർഷ, ധനസമൃദ്ധി എന്നീ പേരുകളിൽ രണ്ട് പുതിയ ഇൻഷ്വറൻസ് പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. 01.04.2009 പ്രാബല്യത്തിൽ സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും വിരമിക്കൽ തീയതി ഏകീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | പുതിയതായി എന്തെല്ലാം ആനുകൂല്യങ്ങൾ ജീവനക്കാർക്ക് അനുവദിച്ചു എന്നു വെളിപ്പെടുത്തുമോ; | ജി.ഒ.(പി)651/2010/ധന തീയതി 01.12.2010 പ്രകാരം എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 180 ദിവസത്തേയ്ക്ക് നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് ഒരുമാസത്തിൽ ഒന്ന് എന്നനിരക്കിൽ ആകെ ആറ് ദിവസത്തെ കാഷ്വൽ ലീവ് അനുവദിച്ചിട്ടുണ്ട്. ക്ലാസ് ഫോർ ജീവനക്കാരുടെ പെൺമക്കൾക്ക് നിലവിലുണ്ടായിരുന്ന വിവാഹ ധനസഹായ വായ്പയുടെ പരിധി 25,000/-രൂപയിൽ നിന്നും 30,000/- രൂപയാക്കി ഉയർത്തുകയും പലിശ നിരക്ക് 9 ശതമാനത്തിൽ നിന്ന് 8 ശതമാനമാക്കി കുറയ്ക്കുകയും ചെയ്തു. വിരമിക്കൽ പ്രായം ഏകീകരണംമൂലം ജീവനക്കാർക്ക് യഥാർത്ഥ വിരമിക്കൽ തീയതിമുതൽ മാർച്ച് 31 വരെയുള്ള കാലയളവ് എല്ലാ സർവ്വീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതാണെന്നും ഈ ആനുകൂല്യം അദ്ധ്യാപകർക്കുംകൂടി ബാധകമാക്കി ഉത്തരവിറക്കിയിട്ടുണ്ട്. കൂടാതെ സസ്പെൻഷൻകാലം അർഹതപ്പെട്ട അവധിയുടെ അഭാവത്തിൽ ശൂന്യവേതനാവധിയായി ക്രമീകരിക്കുമ്പോൾ ഉപജീവനബത്ത തിരിച്ചടയ്ക്കേണ്ടതില്ലായെന്ന് 24.08.2007 പ്രാബല്യത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | വനിതാ ജീവനക്കാരുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | വനിതാ ജീവനക്കാരുടെ പ്രസവാവധി 180 ദിവസമായി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചു. ഹിസ്റ്ററക്ടമിയ്ക്കായി 45 ദിവസത്തെ അവധി അനുവദിച്ചിട്ടുണ്ട്. കൂടാതെ വനിതാ ജീവനക്കാർക്കായി 180 ദിവസത്തെ ചൈൽഡ് അഡോപ്ഷൻ ലീവും അനുവദിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ഇ) | ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ഭവനവായ്പാ പദ്ധതിയുടെ വിശദാംശം നൽകുമോ? | 12.11.2009-ലെ ജി.ഒ.(പി) നം.505/2009/ധന പ്രകാരം സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ഭവന നിർമ്മാണ വായ്പാ പദ്ധതി കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 244-ലെ ചട്ടങ്ങളും അതിനുശേഷമുള്ള ഭേദഗതികളോടുമൊപ്പം 2009-10 സാമ്പത്തിക വർഷം പുന:സ്ഥാപിച്ചിട്ടുള്ളതാണ്. ജീവനക്കാരന്റെ അടിസ്ഥാന ശമ്പളത്തിന്റെ 50 ഇരട്ടിയോ 10 ലക്ഷം രൂപയോ ഏതാണോ കുറവ് അതിനുതുല്യമായ തുക ഭവന വായ്പയായി ലഭിക്കും. 8 ശതമാനം സാധാരണ പലിശനിരക്കിലാണ് വായ്പ അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ

| പന്ത്രണ്ടാം കേരള നിയമസഭ | |
|---|---|
| പതിനേഴാം സമ്മേളനം | |
| നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 305. | 24-02-2011-ൽ മറുപടിയ്ക്ക് |
| യുവജനക്ഷേമ പദ്ധതികൾ | |

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തോമസ് ചാഴികാടൻ:<br>ശ്രീ.ജോസഫ് എം. പുതുശ്ശേരി:<br>ശ്രീ.റോഷി അഗസ്റ്റിൻ:<br>ശ്രീ.പി.സി.ജോർജ്: | | ശ്രീ.വി.സുരേന്ദ്രൻ പിള്ള<br>(തുറമുഖവും യുവജനകാര്യവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ യുവജനങ്ങൾക്കായി എന്തൊക്കെ പദ്ധതികൾ ആണ് ആവിഷ്ക്കരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ; | (എ) | സംസ്ഥാനത്തെ യുവജനങ്ങൾക്കായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് വഴി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. യുവശക്തി.<br>2. കേരളോത്സവം.<br>3. ദുരന്ത നിവാരണത്തിനായി യുവകർമ്മസേന.<br>4. സ്വയംതൊഴിൽ പരിശീലന പദ്ധതി.<br>5. മദ്യം, മയക്കുമരുന്ന്, വർഗ്ഗീയത, തീവ്രവാദം എന്നിവക്കെതിരായ ബോധവൽക്കരണ പരിപാടികൾ.<br>6. സാഹസിക പ്രവർത്തനങ്ങൾ.<br>7. യുവജന പ്രവർത്തനങ്ങൾ നടത്തുന്ന മികച്ച ക്ലബ്ബിനും/സന്നദ്ധ സംഘടനയ്ക്കും വ്യക്തിയ്ക്കും യൂത്ത് അവാർഡ്.<br>8. ദേശീയോദ്ഗ്രഥന ക്യാമ്പുകൾ സംഘടിപ്പിക്കൽ. |

| | | | |
|---|---|---|---|
| | | | 9. യുവമാധ്യമ പ്രവർത്തക ക്യാമ്പ്,<br>10. യുവാക്കൾക്കായി എക്സിബിഷൻ.<br>11. നാടൻ കലകളിൽ പരിശീലനം.<br>12.തൊഴിൽ മേളകൾ സംഘടിപ്പിക്കൽ.<br>13. യുവനേതൃത്വ ക്യാമ്പ്/ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്.<br>14. യുവാക്കൾക്കായി ബോട്ട് ക്രൂ പരിശീലനം.<br>15. ജാലകം പദ്ധതി.<br>16.യുവകാർഷിക ക്ലബ്ബുകൾ, വനിതാ യൂത്ത് ക്ലബ്ബുകൾ എന്നിവയുടെ പ്രവർത്തനം.<br>17. ആദിവാസി/ഗോത്രവർഗ്ഗ യുവജനതയ്ക്കായി ആദിവാസി മേള. (ട്രൈബൽ യൂത്ത് പ്രോഗ്രാം).<br>18. അന്തർദ്ദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം.<br>19. യൂത്ത് ഫോറം. |
| (ബി) | പ്രസ്തുത പദ്ധതികൾക്കുള്ള സാമ്പത്തിക സ്രോതസ്സ് എപ്രകാരം; ഇതിൽ കേന്ദ്ര - സംസ്ഥാന സർക്കാർ വിഹിതം, മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെ വിഹിതം എത്ര വീതം എന്നു വ്യക്തമാക്കുമോ ; | (ബി) | സംസ്ഥാന സർക്കാർ നൽകുന്ന ധനസഹായം കൊണ്ടാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പാക്കുന്നത്. 2010-11 സാമ്പത്തിക വർഷം 8 കോടി രൂപയാണ് അനുവദിച്ചത്. |
| (സി) | യുവജനക്ഷേമ കാര്യങ്ങൾക്കായി 2010-11 സാമ്പത്തിക വർഷത്തിൽ ഇതു വരെ എത്ര തുക ചെലവഴിച്ചു എന്നു വ്യക്തമാക്കുമോ ? | (സി) | 532 ലക്ഷം രൂപ ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ : 306.

24..2..2011-ൽ മറുപടിക്ക്

## "ഹേലി കമ്മിറ്റി ശുപാർശകൾ"

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. കെ. ബാബു:**<br>**ശ്രീ. എ.എ. ഷുക്കൂർ:**<br>**ശ്രീ. എം.എ. വാഹീദ്:**<br>**ശ്രീ. എം. മുരളി:** | **ശ്രീ. സി. ദിവാകരൻ**<br>**(ഭക്ഷ്യ-സിവിൽ സപ്ലൈസ്-മൃഗസംരക്ഷണ വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ ക്ഷീരമേഖലയുടെ വിവിധ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയ ഹേലി കമ്മിറ്റി ഇതു സംബന്ധിച്ച് എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിരുന്നത് എന്ന് വെളിപ്പെടുത്തുമോ; | (എ) സംസ്ഥാനത്തെ ക്ഷീരമേഖലയുടെ വിവിധ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയ ഹേലി കമ്മിറ്റി ഇതു സംബന്ധിച്ച് ആകെ 58 ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശുപാർശകൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) ഇതുവരെ പ്രസ്തുത നിർദ്ദേശങ്ങളിൽ ഏതൊക്കെ നടപ്പിലാക്കിയിട്ടുണ്ട് എന്ന് വിശദമാക്കുമോ; | (ബി) പ്രസ്തുത നിർദ്ദേശങ്ങളിൽ ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയും മൃഗസംരക്ഷണ വകുപ്പു വഴി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം-3 ആയും ചേർക്കുന്നു. |
| (സി) പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ കേന്ദ്ര സഹായം ലഭ്യമാകുന്ന ഏതൊക്കെ പ്രോജക്ടുകൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് അയച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ? | (സി) ഹേലി കമ്മിറ്റി 1240 കോടി രൂപയുടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ശുപാർശ നൽകിയിട്ടുള്ളത്. ഇതിൽ കർഷകർക്ക് നേരിട്ട് സഹായം നൽകത്തക്ക രീതിയിൽ 963 കോടി രൂപയുടെ പദ്ധതികളും, സ്ഥാപനങ്ങളുടെ ശക്തിപ്പെടുത്തലിനായി 277 കോടി രൂപയുടെ പദ്ധതികളുമാണ് ശുപാർശ ചെയ്തിട്ടുള്ളത്. ക്ഷീരസംഘങ്ങൾക്ക് തീറ്റപ്പുൽകൃഷിയ്ക്കായി ധനസഹായം നൽകുന്നതിനുള്ള പദ്ധതി, ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി എന്നിവ കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്കായി തയ്യാറാക്കി നൽകിയിട്ടുണ്ട്. |

മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പദ്ധതികൾ തയ്യാറാക്കി കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്കായി നൽകിയിട്ടുണ്ട്.

1. കന്നുകുട്ടി പരിപാലന പദ്ധതി.
2. അടിയന്തിര മൃഗചികിത്സ 24 മണിക്കൂറും ലഭ്യമാക്കൽ.
3. ക്ഷീരസംഘങ്ങളുടെ ആധുനികവത്ക്കരണം.
4. തീറ്റപ്പുൽ കൃഷി വ്യാപനം;
5. ആട് വിതരണം.
6. വീട്ടുവളപ്പിൽ കോഴി വളർത്തൽ.
7. കാലിരോഗ വിമുക്ത മേഖല.
8. ഹൈടെക് ഡയറി ഫാം.

സെക്ഷൻ ഓഫീസർ.

അംഗങ്ങൾക്ക് ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 307

24.02.2011 ൽ മറുപടിയ്ക്ക്

**കഴക്കൂട്ടം ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ ;<br>ശ്രീ. ജോർജ് മേഴ്സിയർ ;<br>ശ്രീ. എൻ. ശക്തൻ ; | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) കഴക്കൂട്ടം ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസനത്തിനായി ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പിലാക്കാനായി എന്ന് വെളിപ്പെടുത്തുമോ ;<br>ബി) ഇതിനായി ഇതുവരെ ആകെ എത്ര സ്ഥലം ഇവിടെ ഏറ്റെടുക്കുകയുണ്ടായി ; | (എ) ആന്റ് (ബി)<br>കഴക്കൂട്ടം ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസനത്തിനായി ഇതുവരെ 78 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. അതിൽ 10 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള പൊന്മുടി, ആനമുടി എന്നീ പേരുകളുള്ള രണ്ട് ബ്ലോക്കുകളുടെ പണി പൂർത്തിയായി വരുന്നു. ഏറ്റെടുത്ത ഭൂമിയിൽ വിദ്യുച്ഛക്തി, വെള്ളം, മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവ ഒരുക്കിയിട്ടുണ്ട്. കൂടാതെ HCL Infosystem, Virtus IT Service, Zafin Software Centre for Excellence, Speridian Technologies, Vinvish Technologies, Ariva Meddata Infotech എന്നീ IT കമ്പനികൾക്ക് 90 വർഷത്തേയ്ക്ക് ഭൂമി പാട്ടത്തിനും നല്കിയിട്ടുണ്ട്. |
| സി) ഇവിടെ സമയബന്ധിതമായി ആവശ്യമായ സ്ഥലം ഏറ്റെടുക്കാൻ കഴിയാതിരുന്നതു മൂലം സ്ഥലത്തിന്റെ വിലയായി എന്തു തുക അധികം നല്കേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; | സി) ഇവിടെ ഏറ്റെടുക്കാൻ കഴിയാതിരുന്ന സ്ഥലത്തിന്റെ വില മുമ്പ് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ സ്ഥലത്തിന്റെ വിലയായി എന്തു തുക അധികം നല്കേണ്ടിവരുമെന്ന് കണക്കാക്കാൻ സാധിക്കില്ല. |
| ഡി) പള്ളിപ്പുറം ടെക്നോസിറ്റിയുടെ നവീകരണത്തിനും വികസനത്തിനുമായി ഇവിടെ എത്ര സ്ഥലം പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിക്കുകയുണ്ടായി ; | ഡി) 19.21 ഹെക്ടർ. |
| ഇ) പ്രസ്തുത പദ്ധതി പ്രദേശത്ത് ഇതുവരെ ഏതൊക്കെ സ്ഥാപനങ്ങൾക്ക് എത്ര സ്ഥലം വീതം അനുവദിച്ച എന്ന് വ്യക്തമാക്കുമോ ? | ഇ) TCS ന് 82 ഏക്കറും IIITM-K ക്ക് 10 ഏക്കർ സ്ഥലവും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനേഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 308** **24.02.2011 ലെ മറുപടിക്ക്**

## ആംനസ്റ്റി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി.കെ.പി.പത്മനാഭൻ :**<br>**ശ്രീ.ആർ.സെൽവരാജ് :**<br>**ശ്രീ.പി.ടി.എ.റഹിം :**<br>**ശ്രീ.ജോർജ്ജ്.എം.തോമസ് :** | **ഡോ.റ്റി.എം.തോമസ് ഐസക്**<br>**(ധനകാര്യ വകുപ്പു മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ആവിഷ്കരിച്ച 'ആംനസ്റ്റി പദ്ധതി' യിലൂടെ ഇതിനകം എത്ര രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ ; | (എ) | ആംനസ്റ്റി പദ്ധതിയിലൂടെ ഇതിനകം (31/12/2010 വരെ) **211.14** കോടി രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞു. |
| (ബി) | 'ആംനസ്റ്റി പദ്ധതി' നടപ്പാക്കിയതിനു ശേഷം സംസ്ഥാനത്തിന്റെ നികുതി കുടിശ്ശികയിൽ കുറവുണ്ടായിട്ടുണ്ടോ ; | (ബി) | 31/12/2010 ലെ കണക്കനുസരിച്ച് നികുതി കുടിശ്ശിക **3447.52** കോടി രൂപ ഉണ്ടെങ്കിലും കോടതി സ്റ്റേ, പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശിക, കച്ചവടം നിർത്തിയ കച്ചവടക്കാരുടെ കുടിശ്ശിക, സംസ്ഥാനത്തിന് പുറത്തുള്ള കച്ചവടക്കാരുടെ കുടിശ്ശിക , റമിഷൻ നൽകേണ്ട തുക മുതലായവ ഒഴിവാക്കിയാൽ പിരിച്ചെടുക്കാവുന്ന തുക **747.33** കോടി രൂപ മാത്രമേ ഉള്ളൂ. |

| | | | |
|---|---|---|---|
| (സി) | ആംനസ്റ്റി പദ്ധതി നടപ്പാക്കിയിട്ടും കുടിശ്ശിക ഒടുക്കുവാൻ തയ്യാറാകാത്തവരുടെ പേരിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) | ആംനസ്റ്റി പദ്ധതി നടപ്പാക്കിയിട്ടും കുടിശ്ശിക ഒടുക്കുവാൻ തയ്യാറാകാത്തവരുടെ പേരിൽ കർശനമായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.309 24.02.2011- ൽ മറുപടിയ്ക്ക്.

ഗുണമേൻമയുള്ള കന്നുകാലികളെ കർഷകർക്ക് ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.കെ. പുരുഷോത്തമൻ:<br>ശ്രീ. പി. കൃഷ്ണപ്രസാദ്:<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ:<br>ശ്രീ. എം. ഹംസ: | ശ്രീ.സി. ദിവാകരൻ<br>(ബഹു.ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി). |
| (എ) ഗുണമേന്മയുള്ള കന്നുകാലികളെ കർഷകർക്ക് ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) ഗുണമേന്മയുള്ള കന്നുകാലികളെ കർഷകർക്ക് ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെചേർക്കുന്നു.<br>1. ഗുണമേന്മയുള്ള കന്നുകാലികളെ കർഷകർക്ക് ലഭ്യമാക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള എല്ലാ പദ്ധതികളിലും കന്നുകാലികളെ അയൽ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.<br><br>2. വകുപ്പിൻെറ കീഴിലുള്ള ഫാമുകളിൽ നിന്നും മേൽത്തരം കന്നുകുട്ടികളെയും കിടാരികളെയും സൗജന്യനിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നു.<br><br>3.കന്നുകുട്ടികളെ ശാസ്ത്രീയമായി സംരക്ഷിച്ച് മേൽത്തരം കറവപശുക്കളാക്കി മാറ്റുന്നതിനുള്ള കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കിവരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | 1. ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം സംയോജിത കന്നുകാലി വികസന പദ്ധതി, ക്ളസ്റ്റർ ഫാമിംഗ് പദ്ധതി എന്നിവ.<br><br>2. ഒറ്റത്തവണ കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന സംയോജിത കന്നുകാലി വികസന പദ്ധതി-ജീവ രേഖ.<br>3. വിദർഭാ പുനരധിവാസ പദ്ധതി.<br>4.കുട്ടനാട് പാക്കേജ്.<br>5.ഇടുക്കി പാക്കേജ്.<br>6. കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭക്ഷ്യസുരക്ഷാ പദ്ധതി.<br>7.ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന പശുഗ്രാമം പദ്ധതി, മിൽക്ക് ഷെഡ് പദ്ധതി.<br>8. ആർ.കെ.വി.വൈ. പദ്ധതി.<br>9. സുനാമി പുനരധിവാസ പദ്ധതി. |
| (സി) | ഓരോ പദ്ധതിയുടെയും ഭാഗമായി ഈ ഗവൺമെന്റിൻെറ കാലത്ത് എത്ര കന്നുകാലികളെ വിതരണം ചെയ്തു എന്ന് വ്യക്തമാക്കുമോ; | (സി) | ഓരോ പദ്ധതിയുടെയും ഭാഗമായി ഈ ഗവൺമെന്റിൻെറ കാലത്ത് വിതരണം ചെയ്ത കന്നുകാലികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>1. ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന<br><br>a) ക്ഷീരഗംഗാ പദ്ധതി 4500<br>b) ഗ്രാമരശ്മി പദ്ധതി 1555<br><br>2. ജീവരേഖാ പദ്ധതി 7860<br>3. 2009 -10 വർഷം നടപ്പിലാക്കിയ ഭക്ഷ്യസുരക്ഷാപദ്ധതി 5000 ( ഗർഭിണി കിടാരികൾ)<br>4. വിദർഭാ പദ്ധതി 8959 |

5.കൃഷി വകുപ്പ് മുഖേന നടപ്പി ലാക്കുന്ന ഭക്ഷ്യ സുരക്ഷാ പദ്ധതി

| | |
|---|---|
| 2009-2010 | -1000 |
| 2010-2011 | - 1250 |

6.ആർ.കെ.വി.വൈ പദ്ധതി -865

7. സുനാമി പുനരധിവാസ പദ്ധതി 625

(ഡി) വിദർഭാ മോഡൽ പാക്കേജ് നടപ്പാക്കുന്നതിൻെറ ഭാഗമായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ എത്ര പശുക്കളെ വിതരണം ചെയ്യുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) വിദർഭാ മോഡൽ പാക്കേജ് നടപ്പാക്കുന്നതിൻെറ ഭാഗമായി പാലക്കാട് വയനാട് കാസർഗോഡ് എന്നീ ജില്ലകളിൽ ആകെ 8959 പശുക്കളെ വിതരണം ചെയ്തിട്ടുള്ള ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| പാലക്കാട് | -2997 |
| വയനാട് | -2991 |
| കാസർഗോഡ് | -2971 |
| | -------- |
| ആകെ. | 8959 |

(ഇ) കന്നുകാലി യൂണിറ്റുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(ഇ) നടപ്പാക്കിയിട്ടുണ്ട്.

ഉത്തരം ബി-യിൽ പ്രതി പാദിച്ചിട്ടുള്ള പദ്ധതികൾ എല്ലാം തന്നെ കന്നുകാലി യൂണിറ്റുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതികളാണ്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ : **310.**

24..2..2011-ൽ മറുപടിക്ക്

### "പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ലബോറട്ടറികളുടെ പ്രവർത്തനം"

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. ജയരാജൻ,**<br>**ശ്രീ. വി.ജെ. തങ്കപ്പൻ,**<br>**ശ്രീ. വി. ശശികുമാർ.**<br>**ശ്രീ. കെ.കെ. ജയചന്ദ്രൻ.** | **ശ്രീ. സി. ദിവാകരൻ**<br>**(ഭക്ഷ്യ-സിവിൽ സപ്ലൈസ്-മൃഗസംരക്ഷണ വകുപ്പ് മന്ത്രി)** |
| (എ) പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ജില്ലാതല ഗുണനിലവാര നിയന്ത്രണ ലബോറട്ടറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) ക്ഷീരവികസന വകുപ്പിന്റെ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ഗുണനിലവാര നിയന്ത്രണ ലബോറട്ടറികളിൽ കെമിക്കൽസ്, ഉപകരണങ്ങൾ എന്നിവ ഉൾപ്പെടെ വാങ്ങുന്നതിന് 10 ലക്ഷം രൂപ പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ലബോറട്ടറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് അസിസ്റ്റന്റ് ഡയറക്ടർ പദവിയിലുള്ള ക്വാളിറ്റി കൺട്രോൾ ആഫീസർമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് സ്റ്റേറ്റ് ഡയറി ലാബ്, ക്ഷീര പരിശീലന കേന്ദ്രം, CIFT എന്നിവിടങ്ങളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ, ഓണക്കാല പാൽ പരിശോധനയ്ക്കു വേണ്ടി ക്വാളിറ്റി കൺട്രോൾ ആഫീസർമാരുടെ നേതൃത്വത്തിൽ ചെക്ക് പോസ്റ്റുകളിൽ താലകാലിക ഗുണനിയന്ത്രണ കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനം നടത്തുന്നു. എല്ലാ ലബോറട്ടറി കേന്ദ്രങ്ങളിലും കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തുന്നതിനും ഇന്റർനെറ്റ് വഴി മാർക്കറ്റ് മിൽക്ക് സാമ്പിളുകളുടെ പരിശോധനാഫലം ഡിപ്പാർട്ട്മെന്റ് സൈറ്റിൽ നൽകുന്നതിനുള്ള നടപടിയും പുരോഗമിച്ചു വരുന്നു. |
| (ബി) ചെക്ക് പോസ്റ്റുകളിൽ പാൽ പരിശോധനയ്ക്ക് സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ; | (ബി) ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

—

(സി) അയൽ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഓണക്കാലത്ത് അയൽ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ചെക്ക് പോസ്റ്റുകളിൽ താല്കാലിക ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നു. ഗുണനിലവാരം ഉറപ്പുവരുത്തി ശുദ്ധവും സുരക്ഷിതവുമായ പാൽ ഉപഭോക്താക്കൾക്ക് എത്തിക്കുവാൻ സംവിധാനങ്ങൾ ക്ഷീരവികസന വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. അന്യ സംസ്ഥാനത്ത് നിന്നും ടാങ്കറുകളിൽ എത്തുന്ന പാൽ ഡയറികളിൽ സംസ്കരിച്ചതിനു ശേഷമാണ് പാക്കറ്റുകളിൽ ആക്കി വിപണികളിൽ എത്തിക്കുന്നത്. വിപണിയിൽ എത്തുന്ന എല്ലാ മാർക്കറ്റ് സാമ്പിളുകളും പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു. മിൽമ അന്യ സംസ്ഥാനങ്ങളിൽ നിന്നും പാൽ സംഭരിക്കുന്നത് കർശന ഗുണനിലവാര നിയന്ത്രണശേഷമാണ്. മിൽമയുടെ ഡയറികളിൽ പൂർണ്ണശേഷിയുള്ള ആധുനിക ഗുണനിലവാര നിയന്ത്രണ സംവിധാനങ്ങൾ നിലവിലുണ്ട്. ഇതിനു പുറമേ മിൽമയുടെ ഗുണനിലവാര നിയന്ത്രണ ഉദ്യോഗസ്ഥർ അയൽ സംസ്ഥാനങ്ങളിലെ ഡയറികളിൽ പോയി ഇടക്കിടയ്ക്ക് പരിശോധന നടത്താറുമുണ്ട്. മിൽമയിൽ ഇന്ന് നിലവിലുള്ള ഈ സംവിധാനങ്ങൾ കാര്യക്ഷമവും ഫലപ്രദമായി ഉപയോഗപ്പെടുത്തി വരുന്നതുമാണ്. കൂടാതെ, വില്പന നടത്തുന്ന എല്ലാത്തരം പാലിന്റെയും സാമ്പിൾ ഫുഡ് സേഫ്റ്റി കമ്മിഷണർ പരിശോധനയ്ക്ക് എടുക്കാറുണ്ട്. ഇപ്രകാരം കഴിഞ്ഞ 3 സാമ്പത്തിക വർഷങ്ങളിൽ എടുത്ത സാമ്പിളിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | സാമ്പിളിന്റെ എണ്ണം | മായം ചേർത്തത്/ ഗുണനിലവാരം കുറഞ്ഞതായി കണ്ടെത്തിയത്. |
|---|---|---|
| 2007-2008 | 189 | 15 |
| 2008-2009 | 174 | 05 |
| 2009-2010 | 223 | 10 |

| | |
|---|---|
| (ഡി) പാലിൽ മായം ചേർക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) സ്വീകരിക്കും. രാസപദാർത്ഥങ്ങൾ/അന്യ പദാർത്ഥങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയാൽ അത്തരം ബ്രാന്റുകൾ സംസ്ഥാനത്ത് നിരോധിക്കുകയാണ് ക്ഷീരവികസന വകുപ്പ് ചെയ്യാറുള്ളത്. മായം ചേർക്കൽ നിരോധന നിയമ പ്രകാരം ശിക്ഷാ നടപടികൾ കൈക്കൊള്ളേണ്ടത് ആരോഗ്യ വകുപ്പാണ്. തദനുസരണമായി ഫുഡ് സേഫ്റ്റി കമ്മിഷണർ പാലിൽ മായം ചേർക്കുന്നവർക്കെതിരെയും നിലവാരം കുറഞ്ഞ പാൽ വിൽപ്പന നടത്തുന്നവർക്കെതിരെയും മായം ചേർക്കൽ നിരോധന നിയമ പ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപ്രകാരം 2007-08 വർഷത്തിൽ 15 പേർക്കെതിരെയും 2008-09 വർഷത്തിൽ 5 പേർക്കെതിരെയും 2009-10 വർഷത്തിൽ 10 പേർക്കെതിരെയും ക്രിമിനൽ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യംനമ്പർ. * 311 24/2/2011-ൽ മറുപടിയ്ക്ക്

വല്ലാർപാടം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എം. മോനായി<br>ശ്രീ. സി. എം. ദിനേശ് മണി<br>ശ്രീ. സാജുപോൾ<br>ശ്രീ. എം. കെ. പുരുഷോത്തമൻ | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>( ബഹു: മുഖ്യമന്ത്രി ) |
| എ) വല്ലാർപാടം പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | എ) ഈ പദ്ധതിയുടെ ഭാഗമായി കിടപ്പാടം നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ പുനരധിവാസ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. പുനരധിവാസ പാക്കേജിനർഹമായിട്ടുള്ള 297 കുടുംബങ്ങൾക്കും പാക്കേജിന്റെയും ബഹുമാനപ്പെട്ട കോടതി വിധികളുടെയും അടിസ്ഥാനത്തിൽ അർഹത അനുസരിച്ച് 4 മുതൽ 6 സെന്റ് വരെ ഭൂമി വാസയോഗ്യമാക്കി നൽകിയിട്ടുള്ളതാണ്. ഇതിൽ കടമക്കുടി വില്ലേജ് പുനരധിവാസത്തിന് അർഹമായിട്ടുള്ള 51 കുടുംബങ്ങളിൽ മൂലമ്പിള്ളിയിൽ തന്നെ പുനരധിവാസം നൽകിയ 11 കുടുംബങ്ങളും ഉൾപ്പെടുന്നു. ഈ ഇനത്തിൽ 297 കുടുംബങ്ങൾക്കായി 6.5 കോടി രൂപ സർക്കാരിന് ചെലവ് വന്നിട്ടുള്ളതും മൂലമ്പിള്ളിയിൽ ഉള്ള 11 കുടുംബങ്ങൾക്ക് മാത്രമായി 74.1 ലക്ഷം രൂപ ചെലവ് വന്നിട്ടുള്ളതാണ്. ഇത് ഒരു കുടുംബത്തിന് ഏകദേശം 6.73 ലക്ഷം രൂപ കണക്ക് വരുന്നുണ്ട്. കൂടാതെ സ്പെഷ്യൽ റീഹാബിലിറ്റേഷൻ പാക്കേജ് ഇനത്തിൽ |

3.86 കോടി രൂപ അർഹതയനുസരിച്ച് പുനരധിവസിക്കപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ തുകകൾ കണക്കിലെടുക്കുമ്പോൾ വല്ലാർപാടം പുനരധിവാസ പാക്കേജ് പ്രകാരം ഒരു കുടുംബത്തിന് ഏകദേശം 4.25 ലക്ഷം രൂപ വീതം സർക്കാർ ഇതുവരെ ചെലവ് ചെയ്തിട്ടുള്ളതാണെന്ന് കാണാവുന്നതാണ്. ഈ തുക സർക്കാർ നൽകിയ പുനരധിവാസ ഭൂമിയുടെ വില ഉൾപ്പെടുത്താതെയുള്ള തുകയാണ്. പുനരധിവാസ ഭൂമിയ്ക്ക് 2007-ലെ സർക്കാർ നിശ്ചയിച്ചിട്ടുള്ള സ്ഥലവില കണക്കാക്കുകയാണെങ്കിൽ ഒരു കുടുംബത്തിന് ഏകദേശം 9,50,000/- രൂപയോളം സ്ഥലവിലയായി മാത്രം സർക്കാരിന് ബാധ്യത വന്നിട്ടുള്ളതും മൊത്തം ബാധ്യത 28.28 കോടി രൂപയോളം ആയിട്ടുള്ളതുമാണ്. ഈ ബാധ്യത കൂടി കണക്കിലെടുക്കുമ്പോൾ വല്ലാർപാടം പുനരധിവാസ പദ്ധതിക്കായി ഒരു കുടുംബത്തിന് ഏകദേശം 13.75 ലക്ഷം രൂപയോളം ( അവർക്ക് DLPC നിരക്ക് പ്രകാരം കിട്ടിയിട്ടുള്ള ഭൂമി വില ഉൾപ്പെടാതെ) സർക്കാരിന് ബാധ്യത വന്നിട്ടുള്ളതാണ്.

ബി) പദ്ധതിക്കായി എത്ര ഏക്കർ സ്ഥലം ഏറ്റെടുത്തു നൽകിയിട്ടുണ്ട് ;

ബി) റോഡ് കണക്ടിവിറ്റിക്കായി 46.3604 ഹെക്ടർ ഭൂമി നാഷണൽ ഹൈവേ അധികൃതർക്കും റെയിൽ കണക്ടിവിറ്റിക്കായി 4.3076 ഹെക്ടർ ഭൂമി ആർ.വി.എൻ.എൽ-നും കൈമാറിക്കഴിഞ്ഞു.

| | | | |
|---|---|---|---|
| സി) | വല്ലാർ പാടം പദ്ധതി മൂലം സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ എന്തെല്ലാം പുരോഗതി ഉണ്ടാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; | സി) & ഡി) | കേരളത്തിന്റെ സുപ്രധാന വികസന പദ്ധതികളിൽ പ്രഥമ പരിഗണന അർഹിക്കുന്ന ഒന്നാണ് വല്ലാർ പാടം കണ്ടയ്നർ ട്രാൻഷിപ്പ്മെന്റ് ടെർമിനൽ പദ്ധതി. കൊച്ചിയുടെ വികസനം മാത്രമല്ല കേരള സംസ്ഥാനത്തിന്റെ പുരോഗതിക്ക് ആക്കം കൂട്ടുന്ന പദ്ധതിയാണിത്. മൊത്തത്തിൽ 7500-ഓളം കോടി രൂപ മുതൽമുടക്കുള്ള ഈ പദ്ധതി കൊച്ചിയുടെ സമഗ്ര വികസനം ലാക്കാക്കുന്നു. ഈ പദ്ധതി പൂർത്തിയാകുന്നതോടെ പ്രതിവർഷം 1,500 മുതൽ 2,000 കോടി രൂപവരെ വരുമാന വർദ്ധനവ് കൊച്ചി തുറമുഖത്തിനുണ്ടാകും. കൊച്ചി തുറമുഖത്തിന്റെ അപര്യാപ്തത കാരണം ഇപ്പോൾ വിദേശ തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന ചരക്കുകൾ കൊച്ചിയിൽ തന്നെ കൈകാര്യം ചെയ്യാൻ കഴിയും. ഓരോ കണ്ടയ്നറിൻമേലും 150 ഡോളർ മുതൽ 200 ഡോളർ വരെ ലാഭം വ്യാപാര മേഖലക്കുണ്ടാകും എന്നാണ് കണക്ക് കൂട്ടുന്നത്. പദ്ധതി മൂലം ഉണ്ടാകുന്ന അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. |
| ഡി) | പദ്ധതി മൂലം ഉണ്ടാകുന്ന അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് വിവിധ വകുപ്പുകളുമായി സഹകരിച്ച് നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *312** — **24.02.2011ൽ മറുപടിയ്ക്ക്**

### ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നേരിട്ടു നടത്തുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ടി.ജലീൽ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ.കെ.കെ.ദിവാകരൻ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നേരിട്ടു നടത്തുന്ന പദ്ധതികൾ ഏതെല്ലാമാണ്; | (എ) അനുബന്ധമായി ചേർക്കുന്നു. |
| (ബി) വിദ്യാർത്ഥികളുടെ ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കുന്നതിനും ശാസ്ത്രപഠനം പ്രോത്സാഹിപ്പിക്കുന്നതിനും കൗൺസിൽ എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) വിദ്യാർത്ഥികളുടെ ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കുന്നതിനും ശാസ്ത്ര പഠനം പ്രോത്സാഹിപ്പിക്കുന്നതിനും കൗൺസിൽ താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.<br>ശാസ്ത്രപോഷിണി സ്കീം<br>പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് സ്കീം<br>റിസർച്ച് ഫെല്ലോഷിപ്പ് സ്കീം<br>സ്റ്റുഡന്റ് പ്രോജക്ട് സ്കീം<br>സ്പൈറ്റിസ് പദ്ധതി<br>അന്താരാഷ്ട്ര വനിതാദിനം<br>ദേശീയ ഹരിതസേന |

(തുടർച്ച----2)

| | | | |
|---|---|---|---|
| (സി) | ശാസ്ത്ര സാഹിത്യ ഗ്രന്ഥങ്ങൾക്ക് പ്രോത്സാഹനം നൽകുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) | ഉണ്ട്. മലയാള ഭാഷയിലൂടെ ശാസ്ത്ര വിഷയങ്ങളെ ജനകീയ വൽക്കരിക്കുന്നതിൽ ഗണ്യമായ സംഭാവനകൾ നൽകിയിട്ടുള്ള വ്യക്തികളെ അംഗീകരിക്കുന്നതിന് വേണ്ടി ശാസ്ത്ര സാഹിത്യ അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ബാലശാസ്ത്രസാഹിത്യം, ജനപ്രിയ ശാസ്ത്ര സാഹിത്യം, ഗഹനമായ വൈജ്ഞാനിക ശാസ്ത്ര സാഹിത്യം, ശാസ്ത്ര പത്രപ്രവർത്തനം എന്നീ നാലു വിഭാഗങ്ങളിലായാണ് പ്രത്യേക അവാർഡുകൾ നൽകുന്നത്. ഇരുപത്തയ്യായിരം രൂപയും ഫലകവും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്കാരം. |
| (ഡി) | ശാസ്ത്രഗവേഷണ പദ്ധതികൾക്ക് കൗൺസിൽ സഹായം നൽകുന്നുണ്ടോ; | (ഡി) | ഉണ്ട്. ശാസ്ത്ര ഗവേഷണ പദ്ധതികൾക്ക് കൗൺസിൽ സഹായം നൽകുന്നതിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.<br>• സയൻസ് റിസർച്ച് സ്കീമിൽ ഒരു ഇൻവസ്റ്റിഗേറ്ററിന് 15ലക്ഷം രൂപ വരെ അവരുടെ ഇൻസ്റ്റിറ്റ്യൂട്ടിൽ ഗവേഷണപദ്ധതിക്കായി നൽകുന്നു.<br>• സാർഡ് സ്കീമിൽ ഒരു സ്ഥാപനത്തിന് 30ലക്ഷം രൂപ വരെ ഗവേഷണത്തിനും, ലബോറട്ടറി മെച്ചപ്പെടുത്തുന്നതിനും നൽകുന്നു.<br>• സ്റ്റുഡന്റ് പ്രോജക്ട് സ്കീമിൽ തീസിസ് ഡെസർട്ടേഷൻ നടത്തുന്നതിനായി 10,000 രൂപ വരെ നൽകുന്നു.<br>• സ്കൂൾ കുട്ടികൾക്ക് പ്രോജക്ട് ചെയ്യുന്നതിനായി 5,000/- രൂപ വരെ നൽകുന്നു. |

| | |
|---|---|
| (ഇ) ശാസ്ത്രാഭിരുചിയുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിന് കൗൺസിൽ എന്തെല്ലാം സഹായങ്ങൾ നൽകുന്നുവെന്ന് വെളിപ്പെടുത്തുമോ? | (ഇ) വിദ്യാർത്ഥികളുടെ ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കുന്നതിനും ശാസ്ത്ര പഠനം പ്രോത്സാഹിപ്പിക്കുന്നതിനും ശാസ്ത്ര പോഷിണി, സ്പൈറ്റിസ്, സ്റ്റുഡൻസ് പ്രോജക്ട് പ്രോഗ്രാം, പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് സ്കീം, സ്റ്റുഡൻസ് ഫെല്ലോഷിപ്പ് സ്കീം തുടങ്ങിയവ നടത്തിവരുന്നു. കൂടാതെ ശാസ്ത്ര കോൺഗ്രസ്സിൽ എറ്റവും നല്ല പ്രബന്ധങ്ങൾക്ക് ഓരോന്നിനും 50,000/- രൂപയുടെ യുവശാസ്ത്ര പുരസ്കാരം, ജില്ലാതലത്തിലുള്ള എറ്റവും നല്ല ഇക്കോ ക്ളബിന് 50,000/- രൂപയും സംസ്ഥാന തലത്തിൽ ഒരുലക്ഷം രൂപയും നൽകുന്നുണ്ട്. ജില്ലാ സംസ്ഥാന തലത്തിൽ കുട്ടികളെയും അദ്ധ്യാപകരെയും പങ്കെടുപ്പിച്ചു കൊണ്ട് പരിസ്ഥിതി സംബന്ധിയായ പദ്ധതിയും നടപ്പിലാക്കുന്നു. ഇതിനു പുറമേ ശാസ്ത്ര സാങ്കേതിക രംഗത്തെ സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിന് ബാക് ടു ലാബ് പദ്ധതി, ബോധവൽക്കരണ പരിപാടി നടത്തുവാൻ സാമ്പത്തിക സഹായം, വനിതാ ശാസ്ത്രജ്ഞർക്കുള്ള വ്യക്തിത്വ വികസന പരിപാടി, വനിതാ ശാസ്ത്രജ്ഞരുടെ ഉന്നമനത്തിനു പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനു വേണ്ടിയുള്ള വിവരശേഖരണം, വനിതാദിനാചരണം എന്നിവയും നടത്തി വരുന്നു. |

അണ്ടർ സെക്രട്ടറി.

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനേഴാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 313 - 24.02.2011 -ലെ മറുപടിക്ക്

# ട്രഷറികളിലെ നവീകരണ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. കെ. ശിവദാസൻ നായർ | | ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക് |
| എ) | സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ; | പൂർത്തിയായിട്ടില്ല. |
| ബി) | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഇനിയും എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തേണ്ടതെന്ന് വിശദമാക്കുമോ; | നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി താഴെപ്പറയുന്ന പരിപാടികൾ പൂർത്തീകരിക്കേണ്ട-തായിട്ടുണ്ട്.<br>1. എല്ലാ ട്രഷറികളിലും പശ്ചാത്തല സൗകര്യ വികസനം ഉറപ്പുവരുത്തുക<br>2. ട്രഷറി സേവിംഗ്സ് ബാങ്ക് കോർ ബാങ്കിംഗ് സംവിധാനത്തിലേക്ക് മാറ്റുക .<br>3. ഗവൺമെൻറ് സാമ്പത്തിക നടപടികൾ കോർ ഫിനാൻഷ്യൽ മാനേജ്മെൻറ് സംവിധാനത്തിലേക്ക് കൊണ്ടുവരുക<br>4. റൂളുകളും, ചട്ടങ്ങളും കാലോ-ചിതമായി പരിഷ്ക്കരിക്കുക.<br>5. ജീവനക്കാർക്കാവശ്യമായ ട്രെയിനിംഗ് ഉറപ്പു വരുത്തുക |

| | | |
|---|---|---|
| സി) | സംസ്ഥാനത്തെ ട്രഷറികളിൽ കോർ ബാങ്കിംഗ് സൊലൂഷൻസ് പ്രാവർത്തികമാക്കുന്നതിൻെറ ഭാഗമായി എന്തൊക്കെ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; | സംസ്ഥാനത്തെ ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിൻെറ ഭാഗമായി താഴെപ്പറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>1. എല്ലാ ട്രഷറികളിലും ആധുനിക സാങ്കേതികവിദ്യയോടുകൂടിയ സെർവ്വറുകൾ സ്ഥാപിച്ചു കഴിഞ്ഞു.<br>2. 3000 മെച്ചപ്പെട്ട കമ്പ്യൂട്ടറുകൾ ലഭ്യമാക്കി<br>3. 1000 പുതിയ പ്രിൻററുകൾ നൽകികഴിഞ്ഞു.<br>4. 279 പുതിയ യു.പി.എസ് ലഭ്യമാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ മൊത്തം യു.പി.എസിൻെറ എണ്ണം 350 ആകും<br>5. എല്ലാ പെൻഷൻകാരേയും PTSB അക്കൗണ്ടിലെയ്ക്ക് മാറ്റിക്കഴിഞ്ഞു.<br>6. എല്ലാ SDO മാരുടേയും ശമ്പള വിതരണം ട്രഷറി സേവിംഗ്സ് ബാങ്ക് വഴിയാക്കിയിട്ടുണ്ട്.<br>7. SPARK മുഖേനയുള്ള ബിൽ പ്രോസസിംഗ് ത്വരിതപ്പെടുത്തി വരുന്നു. |
| ഡി) | എല്ലാ ട്രഷറികളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സംവിധാനം എന്നത്തേയ്ക്ക് പൂർണ്ണമായി നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | അതെ. ഇക്കൊല്ലം ആരംഭിച്ച നവികരണ പ്രവർത്തനങ്ങൾ താമസംവിനാ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുകയാണ്. |

Shakeena B.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 314 24.02.2011-ൽ മറുപടിക്ക്

**നോർക്ക സെല്ലുകളുടെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. ടി. എൻ. പ്രതാപൻ : | | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>( മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നോർക്ക വകുപ്പിന്റെ കീഴിൽ കളക്ടറേറ്റുകളിൽ പ്രവർത്തനം തുട ങ്ങിയ നോർക്ക സെല്ലുകളുടെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ പുതിയ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ) | വിദേശമലയാളികൾക്ക് ഭരണസംവിധാനവുമായി നേരിട്ട് വിശ്വാസയോഗ്യമായ ബന്ധംപുലർത്തുന്നതിനും, റവന്യൂ, പോലീസ്, നിയമസഹായം തുടങ്ങിയ മേഘലകളിലുള്ള പ്രശ്നങ്ങൾ പരിഹരി ക്കുന്നതിനും നോർക്ക സെല്ലുകളിൽ ഫാസ്റ്റ് ട്രാക്ക് സംവിധാനം ഏർപ്പെടുത്തുന്നതിന് നോർക്ക-റൂട്ട്സ് ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഈ സംവിധാനം വഴി പ്രവാസി മലയാളികളുടെ റവന്യൂ, പോലീസ്, നിയമസഹായം തുടങ്ങിയ മേഖലകളിലുള്ള പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പരിഹാരം ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും കഴിയുന്നതാണ്. |
| (ബി) | പ്രവാസി തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എല്ലാ കളക്ടറേറ്റുകളിലെയും നോർക്ക സെല്ലുകളിൽ ഇപ്പോൾ നടത്തുന്നുണ്ടോ; | (ബി) | പ്രവാസി തിരിച്ചറിയൽ കാർഡുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ഒഴികെയുള്ള ജില്ലാ കളക്ടറേറ്റുകളിലെ നോർക്ക സെല്ലുകൾ വഴി വിതരണം നടത്തുന്നത്. |
| (സി) | പ്രവാസി ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിവരുന്ന മറ്റെന്തൊക്കെ പദ്ധതികളുമായി ബന്ധപ്പെട്ട പുതിയ സേവനങ്ങളാണ് ഇപ്പോൾ ജില്ലാതല സെല്ലുകളിൽ നിന്നും ലഭിക്കുന്നത് ? | (സി) | നോർക്ക വകുപ്പിന്റെയും, നോർക്ക-റൂട്ട്സിന്റെയും, പ്രവാസി ക്ഷേമനിധിയുടെയും വിവിധ പദ്ധതികളെക്കുറിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം പദ്ധതികളുടെ അപേക്ഷാ ഫോറങ്ങളും ഈ സെല്ലുകളിലൂടെ പ്രവാസികൾക്ക് ലഭിക്കുന്നതാണ്. പ്രവാസി തിരിച്ചറിയൽ കാർഡു വിതരണവും ഈ സെല്ലുകളിലൂടെയാണ് നടത്തിവരുന്നത്. ഒരു നിശ്ചിതദിവസം സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷനും നോർക്ക സെല്ലുകളുടെ സഹായത്തോടെ നടത്തിവരുന്നു. കൂടാതെ പ്രവാസികൾക്കും ആശ്രിതർക്കും നാട്ടിൽ നേരിടേണ്ടിവരുന്ന വിവിധ പ്രശ്നങ്ങളിൽ ആവശ്യമായ അന്വേഷണം നടത്തി പരിഹാര നടപടികളും കൈക്കൊണ്ടുവരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 315 — 24.02.2011 ൽ മറുപടിയ്ക്ക്

### കെ.എസ്.എഫ്.ഇ യുടെ പ്രവർത്തനം

ചോദ്യം — ഉത്തരം

ശ്രീമതി. കെ.എസ്. സലീഖ
ശ്രീമതി. ജെ. അരുന്ധതി
ശ്രീ. കെ.വി. കുഞ്ഞിരാമൻ
പ്രൊഫ. സി. രവീന്ദ്രനാഥ്

ഡോ.റ്റി .എം.തോമസ് ഐസക്ക്
(ധനകാര്യ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ യുടെ പ്രവർത്തനത്തിൽ ഈ സർക്കാർ വന്നശേഷം ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ; | (എ) | 2006 ൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷമാണ് കെ.എസ്.എഫ്.ഇ.യുടെ പ്രധാന ബിസിനസ് ഉൽപ്പന്നമായ ചിട്ടി സലാ 159 കോടി രൂപയിൽ നിന്ന് 628 കോടി രൂപയായും, വിറ്റുവരവ് ഏകദേശം 4000 കോടിയിൽ നിന്ന് 12,200/-കോടി രൂപയായും, ശാഖകളുടെ എണ്ണം 266 ൽ നിന്നും 368 ആയും വികസിപ്പിക്കാൻ കഴിഞ്ഞത്. 2010 ൽ ആർജ്ജിക്കേണ്ട ബിസിനസ് ലക്ഷ്യങ്ങളും, സ്ഥാപനമെന്ന നിലയിൽ നേടിയെടുക്കേണ്ട ലക്ഷ്യങ്ങളും കോർത്തിണക്കി കൊണ്ട് വിഷൻ-2010 എന്ന മാർഗ ദർശന രേഖ ആവിഷ്ക്കരിച്ചു.<br>2010 ൽ പ്രതിമാസ ചിട്ടി ബിസിനസ് 500 കോടി രൂപ സലയും, വാർഷിക വിറ്റുവരവ് 10,000/-കോടി രൂപയുമാക്കുകയെന്നതായിരുന്നു വിഷൻ-2010 ന്റെ മുഖ്യ ബിസിനസ് ലക്ഷ്യം. 08-05-2008 ൽ സർക്കാർ കെ.എസ്.എഫ്.ഇ.യ്ക്ക് സ്വയംഭരണാവകാശവും പുനഃസംഘാടനത്തിനുള്ള അംഗീകാരവും നൽകുകയുണ്ടായി. ഇതനുസരിച്ച് ഒരിക്കൽ ബഡ്ജറ്റ് അംഗീകരിച്ചാൽ അതിനുള്ളിൽ നിന്ന് പ്രവർത്തിക്കാനുള്ള സാമ്പത്തിക അധികാരവും കെ.എസ്.എഫ്.ഇ.യ്ക്ക് ലഭിക്കുകയുണ്ടായി. ഇതനുസരിച്ച് ബിസിനസിലും ശാഖകളുടെ എണ്ണത്തിലും വർദ്ധനവുണ്ടാവുകയും ബ്രാൻഡഡ് ചിട്ടികൾ ഉൾപ്പെടെ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനും, അതിലൂടെ ചിട്ടി വരിക്കാരുടെ എണ്ണം 7 ലക്ഷത്തിൽ നിന്ന് 14 ലക്ഷമായി ഉയർത്താനും കഴിഞ്ഞു. ഇതിനു പുറമെ കണ്ണൂർ, കോട്ടയം എന്നീ രണ്ട് മേഖലാ ഓഫീസുകൾ പുതിയതായി പ്രവർത്തിപ്പിക്കുവാനും കഴിഞ്ഞു. പുനഃസംഘടനവഴി സ്ഥാപനത്തെ ബിസിനസ്, |

| | | | |
|---|---|---|---|
| | | | ഫിനാൻസ്, പേഴ്സണൽ & ഹ്യൂമൺ റിസോഴ്സസ്, ഇന്റേണൽ ഓഡിറ്റ് & വിജിലൻസ് എന്നീ നാല് ഡിപ്പാർട്ടുമെന്റുകളിലായി കേന്ദ്രീകരിച്ച് പ്രവർത്തനമാരംഭിക്കുവാൻ കഴിഞ്ഞു. കെ.എസ്.എഫ്.ഇ. ഇപ്പോൾ 201 ശാഖകൾ കമ്പ്യൂട്ടറൈസ് ചെയ്തു കഴിഞ്ഞിരിക്കുന്നു. അതോടൊപ്പം പുതിയ ശാഖകളുടെയും കമ്പ്യൂട്ടറൈസേഷൻ പൂർത്തിയായിരിക്കുന്നു. പൂർണ്ണതോതിലുള്ള കമ്പ്യൂട്ടർവൽകൃത സേവനം ഏറ്റവും നല്ല നിലയിൽ ഇടപാടുകാർക്ക് നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഉപഭോക്തൃ സേവന രംഗത് മെച്ചപ്പെടുത്തുന്നതിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ ഈ സർക്കാരിന് കഴിഞ്ഞു.<br>സർക്കാർ ജീവനക്കാർക്ക് അനുയോജ്യമായ ജാമ്യ വ്യവസ്ഥകളാണ് കെ.എസ്.എഫ്.ഇ. നൽകിയിട്ടുള്ളത്. ഇടപാടുകാരന്റെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ ചിട്ടിപ്പണം കൊടുക്കാമെന്ന പുതിയ രീതി ആവിഷ്ക്കരിക്കപ്പെട്ടു. ഇതോടൊപ്പം വസ്തു ജാമ്യ വ്യവസ്ഥയിലും ജാമ്യവസ്തുവിന്റെ വില നിർണ്ണയം മാർക്കറ്റ് വിലയെ അടിസ്ഥാനപ്പെടുത്തികൊണ്ടുള്ളതുമാക്കി. കൂടാതെ സ്ഥിര വരുമാനമുണ്ട് എന്നതിന്റെ തെളിവിലേക്കായി രേഖകൾ ഹാജരാക്കാൻ സാധിക്കാത്ത നിലയി ലുള്ള ഇടപാടുകാരെ കൂടി 24,000/- രൂപ വരെയുള്ള ബാദ്ധ്യതയ്ക്കായി പരിഗണിക്കുവാനും കഴിഞ്ഞു. മാസവരുമാനക്കാരല്ലാത്ത കേരളീയരെ ഉദ്ദേശിച്ച് ആഴ്ച ചിട്ടികളും ആവിഷ്ക്കരിക്കുകയുണ്ടായി. ഇതിന്റെ തുടർച്ചയായി ദിവസച്ചിട്ടികൾ ആരംഭിക്കുവാനും ആലോചിച്ച് വരുന്നു. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥയിൽ പരിഷ്ക്കരണം കൊണ്ടുവരുവാനും ഈ സർക്കാരിന് സാധിച്ചു. |
| (ബി) | പുതുതായി എന്തെല്ലാം പദ്ധതികളാണ് കോർപ്പറേഷൻ ആവിഷ്ക്കരിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | കെ.എസ്.എഫ്.ഇ പുതുതായി ആവിഷ്ക്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1) കെ.എസ്.എഫ്.ഇ യുടെ പദ്ധതി കളിൽ എല്ലാ ജനവിഭാഗങ്ങളെയും ഉൾപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമായി ആൾ ജാമ്യവ്യവസ്ഥയിൽ ഗണ്യമായ ഉദാരവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. സ്വയം തൊഴിൽ കണ്ടെത്തി ജീവിതം നയിയ്ക്കുന്ന ചെറിയ വരുമാനക്കാർ, പ്രൊഫഷണൽസ്, വ്യാപാരികൾ, ആദായ നികുതി ദായകർ എന്നിവർക്കും ചിട്ടികളിൽ ജാമ്യം നിൽക്കാനുള്ള സൗകര്യം ഉണ്ട്. ഉദ്യോഗസ്ഥ ജാമ്യ വ്യവസ്ഥകളിൽ. ശമ്പളത്തിനു പുറമേ വയസ്സ്, വിദ്യാഭ്യാസ യോഗ്യത , ആശ്രിതരുടെ എണ്ണം, |

| | | | |
|---|---|---|---|
| | | | പങ്കാളിയുടെ വരുമാനം, സ്ഥാവരസ്വത്ത് തുടങ്ങിയ കാര്യങ്ങളെ അടിസ്ഥാനമാക്കി സ്കോറിംഗ് സമ്പ്രദായം വഴി ചിട്ടി ജാമ്യത്തിന്റെ പരിധി ഉയർത്താനുള്ള സൗകര്യം ഉണ്ട്.<br><br>2) വസ്തു ഈടായി സ്വീകരിക്കാനുള്ള ബാദ്ധ്യതയുടെ പരിധി 25 ലക്ഷം രൂപയിൽ നിന്ന് ഒരു കോടി രൂപയായി വർദ്ധിപ്പിച്ചു. വിപണിയിലെ വിലക്കനുസൃതമായ നിർണ്ണയം ഉറപ്പാക്കാൻ മൂല്യനിർണ്ണയത്തിൽ പ്രാവീണ്യമുള്ള വാല്യുവർമാരേയും ഉൾപ്പെടുത്തുന്ന രീതി നടപ്പിലാക്കി. കൂടാതെ വസ്തുവിന്റെ അംഗീകൃത വില ബാദ്ധ്യതക്ക് തികയാതെ വരുന്ന സാഹചര്യങ്ങളിൽ ബാദ്ധ്യതയിന്മേൽ 10 ശതമാനം വരെ ഇളവു ചെയ്യാറുമുണ്ട്.<br><br>3) ചിട്ടിയിൽ നിന്ന് ഒരു ചിറ്റാളന് അനുവദിക്കുന്ന ആകെ ലോണിന്റെ പരിധി 5 ലക്ഷം രൂപയിൽ നിന്ന് 25 ലക്ഷമായും വായ്പയുടെ പരിധി 5 ലക്ഷം രൂപയിൽ നിന്ന് 25 ലക്ഷം രൂപയായും ഉയർത്തിയിട്ടുണ്ട്<br><br>5) ചിട്ടി ബിസിനസ്സ് വികസനത്തിനായി ഏജൻസി വ്യവസ്ഥ വിപുലപ്പെടുത്തു കയുണ്ടായി. ഇപ്പോൾ ചിട്ടി പദ്ധതിയിൽ വരിക്കാരെ ചേർക്കാനും ചിട്ടിപ്പണം വീട്ടു പടിക്കൽ വന്നു ശേഖരിക്കുന്നതിനുമായി ഏകദേശം 3000 ചിട്ടി ക്യാൻവാസ്സിംഗ് ഡോർകളക്ഷൻ ഏജന്റുമാർ കെ.എസ്.എഫ്ഇയ്ക്കുവേണ്ടി കരാർ അടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നു.<br><br>6) പൊന്നോണ ചിട്ടികൾ, പ്രവാസി ബന്ധു ചിട്ടികൾ എന്നീ ചിട്ടി ക്യാമ്പയിനുകളിലൂടെ കെ.എസ്.എഫ്.ഇ ചിട്ടി ബിസിനസ്സിൽ വൻ വർദ്ധനവ് ഉണ്ടാവുകയും, ഈ ബിസിനസ്സിലൂടെ കമ്പനി സമാഹരിച്ച വരുമാനത്തിന്റെ 20% വരെ ചിട്ടി ഇടപാടുകാർക്കു തന്നെ വിവിധ തരം സമ്മാനങ്ങളായി പങ്കുവയ്ക്കുകയുമുണ്ടാ യി.<br><br>7) ചിട്ടി പദ്ധതി കൂടാതെ ധനസേവന മേഖലയിലുള്ള എല്ലാ വായ്പ സംബന്ധ മായ സേവനങ്ങളും സൗകര്യങ്ങളും കെ.എസ്.എഫ്.ഇ നൽകിവരുന്നു.<br><br>8) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 102 ശാഖകൾ പുതുതായി ആരംഭിച്ചു. |

| | | | |
|---|---|---|---|
| | | | കെ.എസ്.എഫ്.ഇ പദ്ധതികൾ കൂടുതൽ ജന വിഭാഗങ്ങളിൽ എത്തിച്ച് സുതാര്യവും വിശ്വസനീയവുമായ സമ്പാദ്യ വായ്പാ പദ്ധതി കളുടെ പ്രയോജനം അവരിൽ എത്തിയ്ക്കാനാണ് ഇതിനോടു ബന്ധപ്പെട്ട സത്വര നടപടികൾ സ്വീകരിച്ചത്. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ ആഴ്ച തോറും ഓരോ പുതിയ ശാഖ തുറന്നു പ്രവർത്തിയ്ക്കുക എന്ന ലക്ഷ്യത്തോടെ യാണ് ഇക്കാര്യത്തിൽ പ്രവർത്തനങ്ങൾ നടന്നു പോന്നത്.<br><br>9) കെ.എസ്.എഫ്.ഇ യുടെ പ്രവർത്തനവും പൊതുജനസേവന വും ത്വരിതപ്പെടുത്തുന്നതിനു വേണ്ടി എല്ലാ ശാഖകളും കമ്പ്യൂട്ടർ വൽക്കരിക്കുന്ന നടപടി പൂർത്തിയായി വരുന്നു. |
| (സി) | പുതുതായി എത്ര ബ്രാഞ്ചുകൾ ആരംഭിച്ചു; ഈ സർക്കാർ വരുമ്പോൾ എത്ര രൂപയുടെ ബിസിനസ് നടത്തിയിരുന്നു; ഇപ്പോൾ എത്ര രൂപയുടെ ബിസിനസ് നടത്തുന്നു എന്ന്വ്യക്തമാക്കുമോ; | സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.എഫ്.ഇ.യുടെ 102 പുതിയ ശാഖകൾ ആരംഭിച്ചിട്ടുണ്ട്.<br>2006ൽ ഈ സർക്കാർ വരുമ്പോൾ ഏകദേശം 4000 കോടി രൂപയുടെ ബിസിനസ്സാണ് കെ.എസ്.എഫ്.ഇ. നടത്തിയിരുന്നത്. എന്നാൽ 2011 ജനുവരി അവസാനത്തോടെ കെ.എസ്.എഫ്.ഇ.യുടെ ബിസിനസ് 12,200 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. |
| (ഡി) | പ്രവാസി ബന്ധു ചിട്ടി കൾ ആരംഭിച്ചതുമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; നിക്ഷേപ പദ്ധതികൾ ആകർഷകമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ഡി) | വിദേശ മലയാളികളെയും അവരുടെ കുടുംബാംഗങ്ങളെയും കെ.എസ്.എഫ്.ഇ. ചിട്ടികളിലെ അംഗങ്ങളാക്കാനുള്ള സർക്കാരിന്റെ ഉദ്ദേശത്തിന്റെ ഭാഗമായാണ് 2007 മുതൽ പ്രവാസി ബന്ധു ചിട്ടികൾ എന്ന പദ്ധതി തുടങ്ങിയത്.<br><br>2010 ഡിസംബറിൽ തുടങ്ങി 2011 ഫെബ്രുവരി 19ന് അവസാനിയ്ക്കുന്നതും, 180 കോടി ചിട്ടി സല ലക്ഷ്യമിട്ടതുമായ പ്രവാസി ബന്ധു ചിട്ടി പദ്ധതിയിൽ ഇതിനോടകം 188 കോടി രൂപയുടെ ചിട്ടി സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>ഇപ്രകാരം സമാഹരിച്ച ചിട്ടികളുടെ സലയ്ക്ക് തുല്യമായ തുക സർക്കാർ ട്രഷറിയിൽ നിക്ഷേപമാക്കിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | നാഷണലൈസ്ഡ് /ഷെഡ്യൂൾഡ് ബാങ്കുകൾ ഉൾപ്പെടെ മറ്റു സാമ്പത്തിക സ്ഥാപനങ്ങളെക്കാൾ താരതമ്യേന ഉയർന്നതോ അവയോടു കിടപിടിയ്ക്കുന്നതോ ആയ പലിശ നിരക്കുകളാണ് കെ.എസ്.എഫ്.ഇ.യുടെ സ്ഥിര നിക്ഷേപങ്ങൾക്കും എസ്.ബി.അക്കൗണ്ടിനും ഏതാണ്ടു തുല്യമായ സുഗമ നിക്ഷേപത്തിനും നൽകി വരുന്നുത്. വിവിധ വായ്പാ പദ്ധതികളുടെ പലിശ നിരക്കിന്റെ മാറ്റത്തിനും സാമ്പത്തിക മേഖലയിലെ വ്യതിയാനങ്ങൾക്കും അനുസൃതമായി നിക്ഷേപ പലിശ നിരക്കുകളിൽ അപ്പപ്പോൾ മാറ്റം വരുത്താറുമുണ്ട്.<br>കൂടാതെ നിക്ഷേപ പലിശ അതാതു ഇടപാടുകാരന്റെ ചിട്ടി അക്കൗണ്ടിലേയ്ക്കോ, സുഗമ അക്കൗണ്ടിലേയ്ക്കോ മാസാമാസം മാറ്റാവുന്ന സംവിധാനവും കെ.എസ്.എഫ്.ഇ.യിലുണ്ട്. സുഗമ അക്കൗണ്ടിൽ ആറുമാസം കൂടുമ്പോൾ പലിശ നൽകുന്നതിനാൽ നിക്ഷേപ പലിശയിന്മേൽ വീണ്ടും ആദായം കിട്ടുന്നു. |

Chandrika

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 316 | 24.02.2011 ലെ മറുപടിക്ക്

**ചരക്കു സേവന നികുതി സമ്പ്രദായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ദിവാകരൻ :<br>ശ്രീ പി.കൃഷ്ണ പ്രസാദ് :<br>ശ്രീ എ.സി.മൊയ്തീൻ :<br>ശ്രീ.മുരളി പെരുനെല്ലി : | **ഡോ.റ്റി.എം.തോമസ് ഐസക്**<br>**(ധനകാര്യ വകുപ്പു മന്ത്രി)** |
| (എ) ചരക്കു സേവന നികുതി സമ്പ്രദായം നടപ്പാക്കുന്നത് സംബന്ധിച്ച് 13-ാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശം എന്താണെന്ന് വ്യക്തമാക്കുമോ ; | (എ) 13-ാം ധനകാര്യ കമ്മീഷൻ ഒരു മാതൃകാ ചരക്കുസേവന നികുതി നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ട്. 13ാം ധനകാര്യ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ചരക്കുസേവന നികുതിയെ സംബന്ധിച്ച ഭാഗം (അദ്ധ്യായം 5) അനുബന്ധമായി ചേർക്കുന്നു. |
| (ബി) കമ്മീഷൻ നൽകിയിട്ടുള്ള മാതൃകാ ചരക്കു സേവന നികുതി നിർദ്ദേശങ്ങൾ വ്യക്തമാക്കുമോ ; | (ബി) കമ്മീഷൻ തയ്യാറാക്കിയിരിക്കുന്ന മാതൃകാ ചരക്കുസേവന നികുതിയിലെ നിർദ്ദേശങ്ങളുടെ സംക്ഷിപ്തരൂപം ചുവടെ ചേർക്കുന്നു. മാതൃകാ ചരക്കുസേവന നികുതിയിൽ ചരക്കുകളും സേവനങ്ങളും തമ്മിൽ യാതൊരു വേർതിരിവും പാടില്ല. എല്ലാ ചരക്കുകൾക്കും സേവനങ്ങൾക്കും ഒരൊറ്റ നികുതിനിരക്കുമാത്രമേ പാടുള്ളൂ. കയറ്റുമതിയുടെ നിരക്ക് പൂജ്യമായിരിക്കണം. നികുതി നിർവഹണ ചെലവുകൾ പരമാവധി കുറയ്ക്കണം. അന്തർ സംസ്ഥാന വിൽപനകൾക്കും ഇൻപുട്ട് ടാക്സ് ക്രഡിറ്റ് നൽകണം. ജി.എസ്.ടി.യിൽ എല്ലാ പരോക്ഷ നികുതികളെയും സംയോജിപ്പിക്കണം. അതായത്, സി.ജി.എസ്.ടി.യിൽ കേന്ദ്ര എക്സൈസ് തീരുവയെയും അധിക എക്സൈസ് തീരുവയെയും സേവന നികുതിയെയും അധിക കസ്റ്റംസ് തീരുവയെയും |

എല്ലാ സർച്ചാർജ്ജുകളെയും സെസ്സുകളെയും സംയോജിപ്പിക്കണം. വാണിജ്യനികുതി, കേന്ദ്രവിൽപന നികുതി, പ്രവേശന നികുതി, ഒക്ട്രോയി, ആഢംബര നികുതി, ലോട്ടറി, ചൂതാട്ടം, പന്തയം എന്നിവയിന്മേലുള്ള നികുതി, വിനോദ നികുതി, വാങ്ങൽ നികുതി, മോട്ടോർ വാഹന നികുതി, സംസ്ഥാന എക്സൈസ് തീരുവ, സ്റ്റാമ്പ് തീരുവ, ഇലക്ട്രിസിറ്റി ചാർജ്ജ്, സംസ്ഥാന സർച്ചാർജ്ജ്, സെസ്സ് എന്നിവ എസ്.ജി.എസ്.ടി.യിൽ സംയോജിപ്പിക്കണം. പെട്രോൾ, ഡീസൽ, എ.റ്റി.എഫ്., മദ്യം, പുകയില എന്നിവയ്ക്ക് ദ്വിമുഖ നികുതി, അതായത് ജി.എസ്.ടിയും അധിക തീരുവയും ഏർപ്പെടുത്താം. സംസ്ഥാനത്തിനുണ്ടാകുന്ന നികുതി നഷ്ടവും പരിസ്ഥിതി പ്രാധാന്യവും പരിഗണിച്ച് സംസ്ഥാനങ്ങൾക്ക് അധിക തീരുവ നിശ്ചയിക്കാവുന്നതാണ്. ഇപ്രകാരമുള്ള അധിക തീരുവയ്ക്ക് ഇൻപുട്ട് ടാക്സ് ക്രഡിറ്റ് നൽകേണ്ടതില്ല. ഒരു പൊതുപട്ടികയിലുള്ള ഉൽപന്നങ്ങളെ മാത്രമേ എല്ലാ സംസ്ഥാനങ്ങളും കേന്ദ്രവും നികുതിയിൽ നിന്നും ഒഴിവാക്കാൻ പാടുള്ളൂ. 10 ലക്ഷം വരെ വിറ്റുവരവുള്ളവർക്ക് സി.ജി.എസ്.ടി.യിലും എസ്.ജി.എസ്.ടി.യിലും നികുതി ഒഴിവു നൽകണം. 40 ലക്ഷം വരെ വിറ്റുവരവുള്ളവർക്ക് കോമ്പൗണ്ട് ചെയ്യാനുള്ള അവകാശം നൽകണം. 10 ലക്ഷത്തിനും 40 ലക്ഷത്തിനുമിടയിലുള്ളവരുടെ സി.ജി.എസ്.ടി.യും എസ്.ജി.എസ്.ടി.യും സംസ്ഥാനങ്ങൾ പിരിക്കുകയും സി.ജി.എസ്.ടി. കേന്ദ്രത്തിന് കൈമാറുകയും വേണം. ആയതിനുള്ള ചെലവ് കേന്ദ്രം സംസ്ഥാനങ്ങൾക്ക് നൽകണം. ഒരു പ്രത്യേക പ്രദേശത്തെ അടിസ്ഥാനമാക്കി നികുതി ഒഴിവു നൽകുന്നതിനുപകരം അത്തരം സ്ഥലത്തെ വ്യവസായങ്ങൾക്ക് അവർ അടച്ച നികുതി റീഫണ്ടായി നൽകാവുന്നതാണ്. സേവന നികുതിയുടെ കാര്യത്തിൽ സേവനം നൽകുന്ന

സ്ഥലം തീരുമാനിക്കുന്നതിന് അന്തർദ്ദേശീയ മാനദണ്ഡങ്ങൾ സ്വീകരിക്കാവുന്നതാണ്. അന്തർസംസ്ഥാന വിൽപനകൾക്കും ഇൻപുട്ട് ടാക്സ് ക്രഡിറ്റ് ബാധകമാവുന്നതിനാൽ നികുതി സംബന്ധമായ ക്രയവിക്രയ വിവരങ്ങളുടെ കൈമാറ്റത്തിനുള്ള സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്. അതിനാൽ ഈ സംവിധാനത്തിന്റെ സുഗമമായ നടത്തിപ്പിന് ഒരു കേന്ദ്ര ഏജൻസിയെ ചുമതല പ്പെടുത്തേണ്ടതാണ്. അന്തർ സംസ്ഥാന വിൽപ നയിന്മേലുള്ള ഇൻപുട്ട് ടാക്സ് ക്രഡിറ്റ് നൽകുന്നതിനും അപ്രകാരമുള്ള വിൽപനയിന്മേൽ ശേഖരിച്ച നികുതി ഒരു സംസ്ഥാനത്തിൽ നിന്നും മറ്റൊരു സംസ്ഥാനത്തിലേക്ക് കൈമാറുന്നതിനും നിയമം രൂപീകരിക്കേണ്ടതുണ്ട്. നികുതി നിർവഹണ ചെലവുകുറയ്ക്കുന്നതിനും നികുതി ലഭ്യത കൂട്ടുന്നതിനും എല്ലാ സംസ്ഥാനങ്ങളിലും ഏകീകൃത നിയമം ആവശ്യമാണ്. സി.എസ്.ടി. നിരക്ക് പൂജ്യമാക്കുന്നതോടെ അന്തർ സംസ്ഥാന വിൽപന സൂക്ഷ്മതയോടെ നിരീക്ഷിക്കേണ്ടത് അത്യാവശ്യമാണ്. ഇൻപുട്ട് ടാക്സിന്റെ റീഫണ്ട് കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്. അർഹ രായ വ്യാപാരികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് റീഫണ്ട് തുക വരവുവയ്ക്കേണ്ടതാണ്. ചരക്കുകളുടെ സുഗമമായ ഗതാഗതത്തിന് ചെക്ക് പോസ്റ്റുകളിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്. അതിർത്തി ചെക്ക്പോസ്റ്റുകൾ ഏകീകരിക്കുകയും രണ്ടു സംസ്ഥാനങ്ങളിലേയും ഉദ്യോഗസ്ഥർ ഒരേ സ്ഥലത്തുവച്ചുതന്നെ പരിശോധന നടത്തുകയും വേണം. ജി.എസ്.ടി.യിലെ തർക്കങ്ങൾ പരിഹരിക്കുന്നതിനായി സ്വതന്ത്രവും അർദ്ധ നീതിന്യായ അധികാരവുമുള്ള ഒരു സമിതിയെ നിയമിക്കണം. എല്ലാ സംസ്ഥാനങ്ങളും ജി.എസ്.ടി. നടപ്പാക്കുന്നതിന് തയ്യാറെടുപ്പുകൾ നടത്തേണ്ടതുണ്ട്. മറ്റു നികുതി സമ്പ്രദായങ്ങളിൽ

| | | | |
|---|---|---|---|
| | | | നിന്ന് ജി.എസ്.ടി.യിലേക്ക് മാറുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് ജി.എസ്.ടി. യിൽ പരിഹാരം കണ്ടെത്തേണ്ടതാണ്. |
| (സി) | കമ്മീഷന്റെ നിർദ്ദേശങ്ങൾ സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് സഹായകരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കി ൽ വ്യക്തമാക്കുമോ ; | (സി) | 13ാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശങ്ങൾ സംസ്ഥാന ധനകാര്യമന്ത്രിമാരുൾപ്പെടുന്ന ഉന്നതാധികാരസമിതി പരിശോധിച്ചു വരുന്നതേയുള്ളൂ. നിലവിലുള്ള സാഹചര്യത്തിൽ പ്രാപ്യസ്ഥാനത്ത് നികുതി ലഭിക്കുന്ന ഒരു വ്യവസ്ഥയാണ് ജി.എസ്.ടി.യിലുള്ളത് എന്നതിനാൽ ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഈ നികുതി വ്യവസ്ഥ പൊതുവേ ഗുണകരമായിരിക്കും എന്ന് കരുതുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്തിന്റെ പ്രധാന വരുമാന മാർഗ്ഗം പെട്രോൾ, ഡീസൽ, ഐ.എം.എഫ്.എൽ. എന്നിവയിൽ നിന്നാണ്. ആയതിനാൽ ഈ ഇനങ്ങളെയും ഇലക്ട്രിസിറ്റി ചാർജ്ജ്, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവയേയും ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്നത് സംസ്ഥാനത്തിന് ഗുണകരമാകാൻ ഇടയില്ല. ആയതിനാൽ ഇവയെ ജി.എസ്.ടി.യുടെ പരിധിയിൽ നിന്ന് ഒഴിവാക്കണമെന്നാണ് സംസ്ഥാനത്തിന്റെ ആവശ്യം.. |
| (ഡി) | ജി.എസ്.ടി. സമ്പ്രദായം നടപ്പാക്കുന്നത് സംബന്ധിച്ച് സംസ്ഥാന ധന മന്ത്രിമാരുടെ യോഗം ചർച്ച ചെയ്തിട്ടുണ്ടോ ; എങ്കിൽ ചർച്ചയിലെ തീരുമാനം എന്താണ് ? | (ഡി) | ചരക്കുസേവന നികുതി സമ്പ്രദായം നടപ്പാക്കുന്നത് സംബന്ധിച്ച് സംസ്ഥാന ധനകാര്യ മന്ത്രിമാരുൾപ്പെടുന്ന ഉന്നതാധികാര സമിതി ചർച്ചകൾ നടത്തിയിട്ടുണ്ട്. ചർച്ചകൾ തുടർന്നു വരികയാണ്. അന്തിമ തീരുമാനമായിട്ടില്ല. |
| (ഇ ) | ജി.എസ്.ടി. നടപ്പാക്കുമ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നഷ്ടം കേന്ദ്ര സർക്കാർ നികത്തുമോ ; | (ഇ ) | ഇതുസംബന്ധിച്ച ചർച്ചകൾ തുടർന്നുവരികയാണ്. അന്തിമ തീരുമാനമായിട്ടില്ല |

| | | | |
|---|---|---|---|
| (എഫ്) | ജി.എസ്.ടി.നടപ്പാക്കിയാൽ സംസ്ഥാനത്തിന്റെ നികുതി ഘടനയിൽ ഉണ്ടാകുന്ന മാറ്റം വ്യക്തമാക്കുമോ ? | (എഫ്) | ജി.എസ്.ടി. നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ അന്തിമ ഘട്ടത്തിൽ എത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ നികുതിഘടനയിൽ ചരക്കുസേവന നികുതി സമ്പ്രദായം നടപ്പിലാക്കിയാൽ ഉണ്ടാകുന്ന മാറ്റങ്ങളെന്തെല്ലാമെന്ന് ഇപ്പോൾ വ്യക്തമാക്കാൻ സാധിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 317. | 24-02-2011-ൽ മറുപടിയ്ക്ക് |
|---|---|

## യൂത്ത് ഹോസ്റ്റലുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.പി.കുഞ്ഞുണ്ണി:<br>ശ്രീ.എ.പ്രദീപ് കുമാർ:<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ:<br>ശ്രീ.എ.എം.ആരിഫ്: | ശ്രീ.വി.സുരേന്ദ്രൻ പിള്ള<br>(തുറമുഖവും യുവജനകാര്യവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര യൂത്ത് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു; എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) | തിരുവനന്തപുരത്ത് വേളിയിലും എറണാകുളത്ത് തൃക്കാക്കരയിലും, കോഴിക്കോട് ഈസ്റ്റ് ഹില്ലിലും ഗവൺമെന്റ് യൂത്ത് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു. |
| (ബി) | എല്ലാ ജില്ലകളിലും യൂത്ത് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി ഏതെല്ലാം ജില്ലകളിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ട് ; | (ബി) | ഇക്കാര്യം പരിഗണനയിലില്ല.<br>ഗവൺമെന്റ് യൂത്ത് ഹോസ്റ്റലുകൾ കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമാണ്. മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിൽ 50 സെന്റ് സ്ഥലം യുവ അതിഥി മന്ദിരം നിർമ്മിക്കുന്നതിനായി ലഭിച്ചിട്ടുണ്ട്. |
| (സി) | യൂത്ത് ഹോസ്റ്റലുകളുടെ നിർമ്മാണത്തിന് കേന്ദ്ര സർക്കാർ നൽകുന്ന സഹായത്തിന്റെ വിശദാംശം ലഭ്യമാക്കുമോ ; | (സി) | സംസ്ഥാന സർക്കാർ വക ഭൂമി ഒരു രൂപാ നിരക്കിൽ 99 വർഷത്തേക്ക് പാട്ട വ്യവസ്ഥയിൽ 1.5 & 2 ഏക്കർ കേന്ദ്ര സർക്കാരിന് കൈമാറുമ്പോൾ കേന്ദ്ര സർക്കാർ യൂത്ത് ഹോസ്റ്റൽ നിർമ്മിച്ചു നൽകും. കേന്ദ്ര ഗവൺമെന്റ് ഓരോ സംസ്ഥാന ഗവൺമെന്റിനും 50,000/- രൂപ പുതിയ യൂത്ത് ഹോസ്റ്റലിന്റെ |

| | | | |
|---|---|---|---|
| | | | ചെലവിനായി വർക്കിംഗ് ക്യാപ്പിറ്റലായി അനുവദിക്കുന്നു. ഹോസ്റ്റൽ ഉപകരണങ്ങൾ, ഫർണ്ണിച്ചർ എന്നിവ വാങ്ങുന്നതിലേക്കായി 1.6 ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്നുണ്ട്. ഇതു കൂടാതെ, കോമൺവെൽത്ത് ഗെയിംസിന് അനുബന്ധമായി നടന്ന ക്യൂൻസ് ബാറ്റൻ റിലേയുടെ ഭാഗമായി യൂത്ത് ഹോസ്റ്റൽ നവീകരണത്തിനായി കേന്ദ്ര ഗവൺമെന്റ് വാഗ്ദാനം ചെയ്ത 20 ലക്ഷം രൂപയിൽ 5 ലക്ഷം രൂപയും യൂത്ത് ഹോസ്റ്റലുകളുടെ നവീകരണത്തിനായി ലഭിച്ചിട്ടുണ്ട്. |
| (ഡി) | യൂത്ത് ഹോസ്റ്റലുകളോടനുബന്ധിച്ച് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നത് ; | (ഡി) | വിവിധ ആവശ്യങ്ങൾക്കായി യാത്ര ചെയ്തു വരുന്ന യുവതീ യുവാക്കൾക്ക് യൂത്ത് ഹോസ്റ്റലുകളിൽ കുറഞ്ഞ ചെലവിൽ താമസ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഡോർമെട്രികളും ബെഡ് റൂമുകളും, യൂത്ത് ഹോസ്റ്റലുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് മിനി കോൺഫറൻസ് ഹാളും സജ്ജീകരിച്ചിട്ടുണ്ട്. |
| (ഇ) | യൂത്ത് ഹോസ്റ്റലുകൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിനായി കൂടുതൽ തുക വകയിരുത്താൻ നടപടി സ്വീകരിക്കുമോ ? | (ഇ) | ഇക്കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനേഴാം സമ്മേളനം**

| | |
|---|---|
| **നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 318** | **24.2.2011 ൽ മറുപടിയ്ക്ക്** |

**പബ്ളിക് സർവ്വീസ് കമ്മീഷനിലെ എൻക്വയറി വിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.പി.വിശ്വൻ<br>ശ്രീ.ബാബു.എം.പാലിശ്ശേരി<br>ശ്രീമതി. കെ.കെ.ലതിക | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പബ്ളിക് സർവ്വീസ് കമ്മീഷനിലെ എൻക്വയറി വിഭാഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | പി.എസ്.സി. എൻക്വയറി വിഭാഗത്തിൽ ഉദ്യോഗാർത്ഥികൾക്ക് കൃത്യവും സമ്പൂർണ്ണവുമായ വിവരം നല്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ടി വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനിക വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള സേവനം നൽകിവരുന്നു. ഐ.ടി.മിഷനുമായി സഹകരിച്ചുള്ള ഒരു കോൾ സെന്റർ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ആധുനിക സൗകര്യത്തോടുകൂടി ഒരു കോൾ സെന്റർ സംവിധാനം ആസ്ഥാന ഓഫീസിൽ ഏർപ്പെടുത്തുന്നതിനും ആസ്ഥാന ഓഫീസിൽ എൻക്വയറി വിഭാഗത്തിൽ ടോക്കൺ സംവിധാനം ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | എൻക്വയറി വിഭാഗത്തിൽ നിന്ന് എന്തെല്ലാം വിവരങ്ങളാണ് ലഭിക്കുന്നത്: | (ബി) | പി.എസ്.സി. എൻക്വയറി വിഭാഗത്തിൽ നിന്നും താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കുന്നുണ്ട്.<br>• വിജ്ഞാപനം സംബന്ധിച്ച വിവരങ്ങൾ.<br>• എഴുത്തു പരീക്ഷ, കായിക ക്ഷമതാ പരീക്ഷ പ്രായോഗിക പരീക്ഷ, ഇന്റർവ്യൂ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ.<br>• ഷോർട്ട് ലിസ്റ്റുകൾ,/ റാങ്ക് ലിസ്റ്റുകൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ.<br>• സർട്ടിഫിക്കറ്റ് പരിശോധന, ഹാജരാക്കേണ്ട പ്രമാണങ്ങൾ |

| | | | |
|---|---|---|---|
| | | | തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ<br>• നിയമനനില, ഒഴിവുകളുടെ എണ്ണം തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ |
| (സി) | എം - ഗവേർണൻസിലൂടെ രജിസ്റ്റർ ചെയ്യുന്നവർക്ക് മൊബൈൽ അലർട്ട് സംവിധാനം ഏർപ്പെടുത്താനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ | (സി) | M – ഗവേർണൻസ് പ്രയോജനപ്പെടുത്തി Mobile വഴി SMS അലേർട്ട് തുടർന്നു നല്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു |
| (ഡി) | പി.എസ്.സി. വെബ് സൈറ്റിലൂടെ ഉദ്യോഗാർത്ഥികൾക്ക് എന്തെല്ലാം വിവരങ്ങൾ ലഭ്യമാക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്? | (ഡി) | പി.എസ്.സി. വെബ്സൈറ്റിലൂടെ താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.<br>• പി.എസ്.സി. യെ സംബന്ധിച്ച വിവരങ്ങൾ<br>• വിജ്ഞാപനം സംബന്ധിച്ച വിവരങ്ങൾ<br>• എഴുത്തു പരീക്ഷ, കായിക ക്ഷമതാ പരീക്ഷ, പ്രായോഗിക പരീക്ഷ, ഇന്റർവ്യൂ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ.<br>• ഷോർട്ട് ലിസ്റ്റ്/റാങ്ക് ലിസ്റ്റുകൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ<br>• സർട്ടിഫിക്കറ്റ് പരിശോധന, ഹാജരാക്കേണ്ട പ്രമാണങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ<br>• നിയമനനില, ഒഴിവുകളുടെ എണ്ണം<br>• OMR പരീക്ഷകളുടെ ഉത്തര സൂചിക<br>• വകുപ്പുതല പരീക്ഷകളുടെ വിവരങ്ങൾ<br>• പ്രധാനപ്പെട്ട അറിയിപ്പുകൾ<br>• OMR പരീക്ഷയുടെ മാർക്ക് തുടങ്ങിയ വിവരങ്ങൾ നല്കിവരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ : **319.**

24..2..2011-ൽ മറുപടിക്ക്

## "ക്ഷീരമേഖലയുടെ വളർച്ചയ്ക്കായി സ്വീകരിച്ച നടപടികൾ"

ചോദ്യം

**ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:**
**ശ്രീ. എൻ. അനിരുദ്ധൻ:**
**ശ്രീമതി ഇ.എസ്. ബിജി മോൾ.**
**ശ്രീ. എ.കെ. ചന്ദ്രൻ.**

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ക്ഷീരമേഖലയുടെ വളർച്ചയ്ക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

ഉത്തരം

**ശ്രീ. സി. ദിവാകരൻ**

**(ഭക്ഷ്യ-സിവിൽ സപ്ലൈസ്-മൃഗസംരക്ഷണ വകുപ്പ് മന്ത്രി)**

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ക്ഷീരമേഖലയുടെ അഭിവൃദ്ധിയ്ക്കായി നിരവധി ബൃഹത് പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചു. കർഷകർക്ക് നേരിട്ട് ഉരുക്കളെ വാങ്ങുന്നതിന് ധനസഹായം നൽകിയും, സൗജന്യ നിരക്കിൽ തീറ്റ ലഭ്യമാക്കിയും ഇൻഷുറൻസ് പരിരക്ഷ നൽകിയും വിവിധ രോഗങ്ങൾക്കെതിരെ പ്രതിരോധ കുത്തിവയ്പുകൾ സൗജന്യ നിരക്കിൽ നൽകിയും കൃത്രിമ ബീജാധാനം സൗജന്യമാക്കിയും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കർഷക അവാർഡുകൾ നൽകി ആദരിച്ചും, ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും ഈ മേഖലയുടെ അഭിവൃദ്ധിക്ക് സാധിച്ചിട്ടുണ്ട്. ക്ഷീര സഹകരണ സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി 2009-10 ൽ 2.75 കോടി രൂപയും, 2010-11 ൽ 4.5 കോടി രൂപയും നൽകിയിട്ടുണ്ട്. 2011-12 ലേയ്ക്ക് 6 കോടി രൂപ ഇതിനായി വകകൊള്ളിച്ചിട്ടുണ്ട്. തീറ്റപ്പുൽ കൃഷിയ്ക്കായി 2006-07 മുതൽ 2010-11 വരെ 79746 കർഷകർക്ക് 10.71 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കി. മിൽക്ക്ഷെഡ് വികസന പദ്ധതി പ്രകാരം 11551 കർഷകർക്ക് ഡയറി യൂണിറ്റ് സ്ഥാപിക്കുന്നതിന് 2006-07 മുതൽ 2010-11 വരെ 26.84 കോടി രൂപയുടെ ധനസഹായം

നൽകിയിട്ടുണ്ട്. വിവിധ പദ്ധതികളിലുൾ പ്പെടുത്തി കർഷകന് തൊഴുത്ത് നവീകരിക്കുന്നതിന് ഒരു ലക്ഷം രൂപ വീതം ധനസഹായമായി നൽകുന്ന പദ്ധതി നടപ്പിലാക്കി. പ്രതിവർഷം 7 കോടി രൂപ ചെലവിൽ കൃത്രിമ ബീജാധാനം സൗജന്യമാക്കി. മുഴുവൻ കവറപ്പശുക്കളെയും സൗജന്യ നിരക്കിൽ ഇൻഷ്വർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചു. ക്ഷീരകർഷകർക്കായി ക്ഷേമ നിധി നിയമം നിയമസഭയിൽ പാസ്സാക്കി ക്ഷേമപെൻഷൻ നൽകുകയും ക്ഷീര കർഷകരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം, കുടുംബത്തിന് ഇൻഷു-റൻസ് ഉൾപ്പെടെയുള്ള സാമൂഹിക സുരക്ഷാ പദ്ധതികൾ നടപ്പിലാക്കി. ക്ഷേമനിധി പെൻഷൻ തുക 250/- രൂപയിൽ നിന്നും 300/- രൂപയാക്കിയും കുടുംബപെൻഷൻ 125/- രൂപയിൽ നിന്നും 150/- രൂപയാക്കിയും ഉയർ ത്തുകയും ചെയ്തു. ക്ഷീരസഹകരണ സംഘങ്ങളിൽ നൽകുന്ന പാലിന്റെ ഗുണ നിലവാരം പരിശോധിച്ച് കൃത്യമായ വില നൽകുന്നതിന് ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ സ്ഥാപിച്ചു. കാലികളുടെ തീറ്റച്ചെലവ് കുറയ്ക്കുന്ന തിന്റെ ഭാഗമായി 29500 അസോള യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 2006-07 മുതൽ 2010-11 വരെ ഒരു കോടിയിലധികം രൂപ കർഷകർക്ക് നൽകി. ഇപ്രകാരം കഴിഞ്ഞ 5 വർഷ ക്കാലമായി 400 കോടി രൂപയോളം ഈ മേഖലയിൽ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, ഗുണമേന്മയുള്ള കാലിത്തീറ്റ ഉല്പാദിപ്പി ക്കുന്നതിന് 52 കോടി രൂപ ചെലവിൽ പുതിയ കാലിത്തീറ്റ പ്ലാന്റ് കരുനാഗ പ്പള്ളിയിൽ തുടങ്ങിയിട്ടുണ്ട്. പാലുല്പാ ദനം വർദ്ധിപ്പിക്കുന്നതിനായി കുളത്തു പ്പുഴയിൽ ആധുനിക ഹൈടെക് ഡയറി പ്രവർത്തനമാരംഭിച്ചു. മാട്ടുപ്പെട്ടിയിലും കോലാഹലമേടിലും ഹൈടെക് ഡയറി കൾ ഈ മാസം തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇതിന്റെ നേട്ടമായി 2005-06 സാമ്പത്തിക വർഷം പാലുല്പാദനം 20.63 ടൺ ആയിരുന്നത് 2009-10 ആയപ്പോൾ 25.37 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കാൻ സാധിച്ചു.

(ബി)കാലിസമ്പത്തിന്റെ സംരക്ഷണത്തിനായി ഈ കാലയളവിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം; പ്രസ്തുത പദ്ധതികളുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) കാലിസമ്പത്തിന്റെ സംരക്ഷണ ത്തിനായി ഈ കാലയളവിൽ ക്ഷീരവികസന വകുപ്പ് താഴെ ചേർത്തിരിക്കുന്ന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്.

1. **മിൽക്ക് ഷെഡ് വികസന പദ്ധതി (എം.എസ്.ഡി.പി)**

അത്യുല്പാദന ശേഷിയുള്ള സങ്കരയിനം പശു ക്കളെ അയൽ സംസ്ഥാന ങ്ങളിൽ നിന്ന് വാങ്ങി നൽകുന്ന പദ്ധതിയാണിത്. പശുക്കളെ നൽകുന്നതിന് പുറമെ സബ്സിഡി നിരക്കിൽ കറവയന്ത്രം വിതരണം ചെയ്യുന്നതിനും ഈ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. 2006-2007 മുതൽ 2009-2010 വരെ 17 കോടി രൂപയോളം ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

2. തീറ്റപ്പുൽ കൃഷി വികസന പദ്ധതി.

തീറ്റച്ചെലവു കുറയ്ക്കുന്നതിനു വേണ്ടി തീറ്റപ്പുൽ കൃഷിയ്ക്കായി ക്ഷീരകർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം അസോള യൂണിറ്റു കളും ജലസേചന സൗകര്യം, ചാഫ് കട്ടർ തുടങ്ങിയ യന്ത്രങ്ങളുടെ വിതരണവും നടത്തി. 2006-2007 മുതൽ 2009-2010 വരെ 7.8 കോടി രൂപയോളം ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

3. കാലിത്തീറ്റ സബ്സിഡി

കർഷകർക്ക് സംഘങ്ങളിൽ അളക്കുന്ന പാലിന്റെ അളവിന് ആനുപാതികമായി കാലിത്തീറ്റ സബ്സിഡി ഏർപ്പെടുത്തിയിട്ടുണ്ട്. 2009-2010 ൽ 2.75 കോടി രൂപയും, 2010-11 ൽ 4.5 കോടി രൂപയും ഇതിനു വേണ്ടി ചെലവഴിച്ചു.

ഇതു കൂടാതെ ഗ്രാമതലങ്ങളിൽ പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങളുടെ സംഭരണം വർദ്ധിപ്പിക്കുന്നതിനും മേൽനോട്ടം കാര്യക്ഷമമാക്കുന്നതിനും ക്ഷീര വികസന വകുപ്പ് നടപടികൾ സ്വീകരിക്കുന്നു. പുതുതായി രജിസ്റ്റർ ചെയ്ത സംഘങ്ങൾക്ക് പ്രവർത്തന മൂലധനമായി 25000 രൂപ വീതം നൽകി വരുന്നുണ്ട്. കേന്ദ്ര സഹായ പദ്ധതിയായ SIQ& CMP പ്രകാരം പാൽ സംഭരണം-വിപണനം എന്നിവ മെച്ചപ്പെടുത്തുന്നതിന് ക്ഷീര വികസന വകുപ്പ് മുഖേന മേഖലാ യൂണിയനുകൾക്ക് ധനസഹായം നൽകി വരുന്നു. ഇതിലേയ്ക്കായി 1897.56 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

കാലിസമ്പത്തിന്റെ സംരക്ഷണത്തിനായി മൃഗസംരക്ഷണ വകുപ്പു വഴി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനവും

   സംസ്ഥാനത്തെ മൃഗാരോഗ്യ പരിപാലന സംവിധാനം 210 വെറ്ററിനറി ആശുപത്രികൾ, 896 വെറ്ററിനറി ഡിസ്പെൻസറികൾ, 48 വെറ്ററിനറി പോളി ക്ലിനിക്കുകൾ, 14 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ, ജില്ലാതലത്തിൽ 9 സഞ്ചരിക്കുന്ന ആശുപത്രികൾ/ഡിസ്പെൻസറികൾ, 13 ജില്ലാതല ക്ലിനിക്കുകൾ, 4 റീജിയണൽ രോഗ നിർണ്ണയ ലാബുകൾ, ഒരു സംസ്ഥാന വന്ധ്യതാ നിവാരണ ഓഫീസ്, ഒരു സാംക്രമിക രോഗ വിശകലന യൂണിറ്റ്, ഒരു കന്നുകാലി ഉല്പന്ന പരിശോധനാ ലാബ്, 18 ജില്ലാതല ചെക്ക് പോസ്റ്റുകൾ എന്നിവ ഉൾപ്പെടുന്നതാണ്. മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി മേൽപ്പറഞ്ഞ കേന്ദ്രങ്ങളുടെ ഗുണനിലവാരം ഏകീകരിക്കൽ, ഉദ്യോഗസ്ഥരുടെ തൊഴിൽ വൈദഗ്ദ്ധ്യം ഉയർത്തുക, മെച്ചപ്പെട്ട രോഗനിർണയ സാങ്കേതിക രീതികൾ അവലംബിക്കുക എന്നിവ മൃഗാരോഗ്യ പരിപാലന സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കി വരുന്നു.

2. കുളമ്പുരോഗ നിയന്ത്രണത്തിനുള്ള പരിപാടി (100% കേന്ദ്ര സഹായം)

   2003-04 ൽ കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം സംസ്ഥാനത്ത് ആരംഭിച്ച നൂറ് ശതമാനം കേന്ദ്രസഹായമുള്ള പദ്ധതി, പദ്ധതിയുടെ പ്രാരംഭമായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഈ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. പുതിയ 11 ജില്ലകളെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ് ശക്തിപ്പെടുത്തൽ.

   മൃഗങ്ങളെ ബാധിക്കുന്ന രോഗങ്ങളെ പ്രതിരോധിക്കുന്നതിനാവശ്യമായ വാക്സിനുകൾ, മരുന്നുകൾ, ബയോളജിക്കൽസ്, റീ ഏജന്റ്സ് എന്നിവയുടെ ഉൽപ്പാദനം ത്വരിതപ്പെടുത്തുകയും ആധുനിക ഉപകരണങ്ങളും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കി ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

4. ഓപ്പറേഷൻ റിൻഡർപെസ്റ്റ് (100% കേന്ദ്ര സഹായം)

   ദേശീയ കാലിവസന്ത നിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തു നിന്നും കാലിവസന്ത പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള തുടർ പദ്ധതിയാണ്.

5. കന്നുകാലി രോഗങ്ങളെ നിയന്ത്രിക്കുന്നതിന് സംസ്ഥാനങ്ങൾക്കുള്ള ധനസഹായം. (75% കേന്ദ്രാവിഷ്കൃത പദ്ധതി)

   സംസ്ഥാനത്തെ കന്നുകാലികളെ ബാധിക്കുന്ന പ്രധാനപ്പെട്ട രോഗങ്ങളെ രോഗപ്രതിരോധം വഴി നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശ മനുസരിച്ച് 2003-04 ൽ ആരംഭിച്ച പദ്ധതിയാണിത്. നിലവിലുള്ള പ്രധാനപ്പെട്ട രോഗനിർണ്ണയ ലബോറട്ടറികളുടെ ബയോളജിക്കൽ പ്രൊഡക്ഷൻ സെന്ററുകൾ ശക്തിപ്പെടുത്തുകയും കന്നുകാലികളെ ബാധിക്കുന്ന രോഗങ്ങളെ പ്രതിരോധ കുത്തിവയ്പിലൂടെ തടയുകയും ചെയ്യുന്നു.

6. കന്നുകുട്ടി പരിപാലന പദ്ധതി.

ക്ഷീരകർഷകരുടെ ഉടമസ്ഥതയിലുള്ള സങ്കരവർഗ്ഗ കന്നുകുട്ടി കളെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനും ഉൽപ്പാദന ശേഷി കൂടിയ കന്നുകാലി സമ്പത്ത് വാർത്തെടുക്കുന്നതിനും കർഷകർക്ക് സൗജന്യ നിരക്കിൽ തീറ്റ, ഇൻഷ്വറൻസ്, രോഗപരിരക്ഷ എന്നിവ നൽകുകയും, ശാസ്ത്രീയമായ രീതിയിൽ കന്നുകുട്ടികളെ പരിപാലിക്കുന്നതിനുവേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകി വരുകയും ചെയ്യുന്നു. നാലു മുതൽ ആറു മാസം വരെ പ്രായമുള്ള സങ്കരയിനം പശുക്കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

7. കന്നുകാലി ഇൻഷ്വറൻസ്.

ക്ഷീരകർഷകരുടെ വിലപ്പെട്ട ഉരുക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകി സംരക്ഷണം നൽകുന്നതിനുള്ള പദ്ധതിയാണിത്. കേന്ദ്ര ത്തിന്റെ ധനസഹായത്തോടു കൂടി 11 ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. എന്നാൽ, കാസർഗോഡ്, മലപ്പുറം, പത്തനംതിട്ട എന്നീ മൂന്നു ജില്ലകൾക്ക് ഈ പദ്ധതിയിലൂടെ ആനുകൂല്യം ലഭിക്കാത്തതിനാൽ, സംസ്ഥാന പദ്ധതിയിലുൾ പ്പെടുത്തി മുഴുവൻ ഉരുക്കളെയും ഇൻഷ്വർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതിനായി 500 ലക്ഷം രൂപ വകയിരുത്തുകയും ഇതു ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുകയും ചെയ്യുന്നു.

8. ഊർജ്ജിത കന്നുകാലി വികസന പദ്ധതി:

ഈ പദ്ധതിയിലൂടെ കന്നുകാലികൾക്ക് സൗജന്യമായി കൃത്രിമ ബീജാധാനം നടത്തി വരുന്നു. 2008-ൽ കന്നുകാലി സമ്പത്ത് മെച്ചപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്ത് ഒരു പ്രജനന നയം രൂപീകരിക്കാൻ സാധിച്ചിട്ടുണ്ട്.

9. തനതു ജനുസ്സുകളിലെ കന്നുകാലി കളുടെ സംരക്ഷണം;

തനതു ജനുസ്സുകളിലെ കന്നുകാലികളുടെ സംരക്ഷണം ഉറപ്പു വരുത്താൻ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു.

1. കേന്ദ്രാവിഷ്കൃത പദ്ധതിയായ, വംശനാശം സംഭവിച്ചുകൊണ്ടിരി ക്കുന്ന അയവിറക്കുന്ന മൃഗങ്ങളുടെ സംരക്ഷണം (100% കേന്ദ്ര സഹായം) എന്ന പദ്ധതി.

2. ഈ സാമ്പത്തികവർഷം കന്നുകാലി ഫാമുകളുടെ ശക്തിപ്പെടു ത്തൽ എന്ന പദ്ധതിയിൽ വംശനാശം നേരിടുന്ന തനതു കന്നുകാലികളെ സർക്കാർ ഫാമുകളിൽ സംരക്ഷിക്കുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള ഘടക പദ്ധതി.

3. വെച്ചൂർ ഇനത്തിൽപ്പെട്ട പശുക്കളെ കേരള കാർഷിക സർവ്വ കലാശാലയുടെ ഫാമുകളിൽ സംരക്ഷിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ എത്ര ഫാമുകളുണ്ട്; ഇതിൽ എത്ര ഫാമുകൾ നവീകരിക്കുന്നതിന് സാധിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

(സി) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നാല് കന്നുകാലി ഫാമുകളാണ് പ്രവർത്തിച്ചു വരുന്നത്.

1. ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, കുടപ്പനക്കുന്ന്.
2. ജഴ്സി ഫാം, വിതുര.
3. ജഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ.
4. ബഫലോ ബ്രീഡിംഗ് ഫാം, കുരിയോട്ടുമല, കൊല്ലം.

വിതുര ജഴ്സിഫാമിന്റെ നവീകരണ ത്തിനും ശക്തിപ്പെടുത്തലിനുമായി 2008-09 സാമ്പത്തിക വർഷം 199 ലക്ഷം രൂപ അനുവദിക്കുകയും അത് ചെലവഴിക്കാനും സാധിച്ചു. ചെറ്റച്ചൽ, കുരിയോട്ടുമല എന്നീ ഫാമുകളെ ഹൈടെക് ഫാമുകളായി ഉയർത്തുന്നതിന് 13-ാം ധനകാര്യ കമ്മിഷനിൽ തുക അനുവദിക്കുകയുണ്ടായി. കെ.എൽ.ഡി. ബോർഡിന്റെ ഫാമുകൾക്ക് ഉൾപ്പെടെ 60 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. അടുത്ത നാല് സാമ്പത്തിക വർഷം കൊണ്ട് ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

ഇതു കൂടാതെ മൂന്ന് ആടുവളർത്തൽ ഫാമുകളും ഒരു പന്നി വളർത്തൽ ഫാമും അഞ്ച് പന്നിവളർത്തൽ യൂണിറ്റുകളും, ഒരു ടർക്കിഫാം, ഒരു താറാവ് വളർത്തൽ കേന്ദ്രം, ഒൻപത് കോഴിവളർത്തൽ ഫാമുകളും മൃഗസംരക്ഷണ വകുപ്പിൻ കീഴിൽ പ്രവർത്തിച്ചു വരുന്നു.

കേന്ദ്രസഹായത്തോടു കൂടി മുണ്ടയാട്, ആതവനാട്, മലമ്പുഴ, കൂവപ്പടി, മണർകാട്, നിരണം ഡക്ക് ഫാം, ടർക്കി ഫാം കൊല്ലം, കുടപ്പനക്കുന്നിലുള്ള കോഴി വളർത്തൽ കേന്ദ്രം എന്നിവയെ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും സാധിച്ചു. 2008-09 സാമ്പത്തിക വർഷം പാറശ്ശാലയിലെ ആട് വളർത്തൽ കേന്ദ്രത്തിനെ ശക്തിപ്പെടുത്തുന്നതിനും കൂടുതൽ പിതൃശേഖരങ്ങൾ വളർത്തുന്നതിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താനും സാധിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 320

24/02/2011 - ൽ മറുപടിക്ക്.

### ദേശീയ ജലപാത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എൻ.വാസവൻ<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.സി.കെ.സദാശിവൻ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ദേശീയ - ഉൾനാടൻ ജലപാതകളുടെ വികസനത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) ദേശീയ ജലപാതയുടെ നിർമ്മാണ പ്രവൃത്തികൾ IWAI നേരിട്ടാണ് നടത്തുന്നത്. 1993 ഫെബ്രുവരിയിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു. കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ആണ് ദേശീയ ജലപാത. ഇതു കൂടാതെ 14 കി.മീ. നീളത്തിൽ ചമ്പക്കര കനാലും 23 കി.മീ. നീളത്തിൽ ഉദ്യോഗമണ്ഡൽ കനാലും ദേശീയ ജലപാതയുടെ ഭാഗമായി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. കൊല്ലം മുതൽ കോവളം വരെയും കോട്ടപ്പുറം മുതൽ നീലേശ്വരം വരെയും സംസ്ഥാന ജലപാതയാണ്. |
| (ബി) ദേശീയ ജലപാതയുടെ ഏതെല്ലാം ഭാഗങ്ങൾ ഗതാഗത യോഗ്യമാക്കിയിട്ടുണ്ട് ; | (ബി) കോട്ടപ്പുറം മുതൽ ആലപ്പുഴ വരെ പൂർണ്ണമായും ആലപ്പുഴ മുതൽ കൊല്ലം വരെ ഭാഗികമായും ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. 14 കി.മീ. നീളത്തിൽ ചമ്പക്കര കനാലും 23 കി.മീ. നീളത്തിൽ ഉദ്യോഗമണ്ഡൽ കനാലും ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. |

(സി) ദേശീയ ജലപാത - 3 ന്റെ വികസനത്തിനായി ഈ വർഷം നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(സി) എറണാകുളം ജില്ലയിൽ ചെറായി ഭാഗത്ത് 3 കി.മീ., കൊല്ലം ജില്ലയിൽ 3.5 കി.മീ. ആഴം കൂട്ടൽ പണികൾ നടന്നു വരുന്നു.

(ഡി) ജലപാതയിൽ എത്ര ബോട്ട് ടെർമിനലുകൾ നിർമ്മിച്ചിട്ടുണ്ട് ;

(ഡി) 7 കാർഗോ ടെർമിനലുകൾ നിർമ്മിച്ചിട്ടുണ്ട്.

(ഇ) ദേശീയ ജലപാതയെ മറ്റു പ്രധാന കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ ?

(ഇ) 12-ാം ധനകാര്യ കമ്മീഷന്റെ അവാർഡു തുക ഉപയോഗിച്ച് ആലപ്പുഴ, കോട്ടയം ജില്ലകളിൽ 14 ഉപ കനാലുകളുടെ ആഴം വർദ്ധിപ്പിക്കുകയും 3 ബോട്ട് ജെട്ടികൾ നിർമ്മിക്കുകയും ചെയ്തു. എറണാകുളം ജില്ലയിൽ 6 ബോട്ട് ജെട്ടികളും 11 ചങ്ങാടം ലാന്റിംഗുകളും നിർമ്മിച്ചിട്ടുണ്ട്. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ കോട്ടയം ജില്ലയിൽ 5 പദ്ധതികൾക്കായി 5.98 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 321 **24.02.2011** - ൽ മറുപടിക്ക്

ഭക്ഷ്യ ധാന്യങ്ങളുടെ കരുതൽ ശേഖരം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. സി.കെ.പി. പത്മനാഭൻ<br>ശ്രീ. കെ.സി. രാജഗോപാലൻ<br>ശ്രീ. കെ. സി. കുഞ്ഞിരാമൻ | ശ്രീ. സി. ദിവാകരൻ,<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) ഭക്ഷ്യ ധാന്യങ്ങളുടെ കരുതൽ ശേഖരം വർദ്ധിപ്പിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;<br><br>(ബി) എത്ര മാസത്തേക്കുള്ള ഭക്ഷ്യധാന്യങ്ങൾ ഇപ്പോൾ സ്റ്റോക്ക് ചെയ്തിട്ടുണ്ട്; | (എ) യും (ബി) യും ഭേദഗതി ചെയ്ത ഇക്കണോമിക്സ് ഓർഡർ ക്വാണ്ടിറ്റി മോഡൽ എന്ന ശാസ്ത്രീയ രീതി പിന്തുടർന്നാണ് സപ്ലൈകോ സ്റ്റോക്ക് വാങ്ങൽ സംഭരണ വിതരണം ക്രമീകരിച്ചിട്ടുള്ളത്. ഓരോ ഡിപ്പോയ്ക്കും 25 ദിവസത്തിനകം അവർക്കാവശ്യമായ ഇനങ്ങൾ ലഭ്യമാകത്തക്ക വിധത്തിലാണ് ഇന്റന്റിന്റെ ക്രമീകരണം. 3 മാസത്തെ ശരാശരി ഉപഭോഗത്തിന്റെ രണ്ടര ഇരട്ടി സാധനങ്ങളാണ് സാധാരണയായി ഇപ്രകാരം ഡിപ്പോകൾ ഇന്റന്റ് ചെയ്യുന്നത്. ഡിപ്പോകൾ ഉപയോഗിക്കുന്ന ഫോർമുലയുടെ വിശദാംശങ്ങൾ ചുവടെ പറയും പ്രകാരമാണ്.<br>റിയോർഡർ ക്വാണ്ടിറ്റി = തൊട്ടു മുമ്പത്തെ 3 മാസ ശരാശരി വിൽപ്പന X 2.5- കൈയിലുള്ളതും വന്നു കൊണ്ടിരിക്കുന്നതുമായ സ്റ്റോക്ക്.<br>ഇപ്രകാരം ചെയ്യുമ്പോൾ ഓരോ ഡിപ്പോയിലും സ്റ്റോക്കിന്റെ ആധിക്യമോ കുറവോ ആയ വിധത്തിൽ തൻ മാസങ്ങളിലെ സ്റ്റോക്ക് ഉണ്ടാവുകയില്ല. 54 ഡിപ്പോകളിലെ മേൽ ഇൻഡന്റിനനുസരണമായി ഇ-പർച്ചേസ് മുഖേനയാണ് സാധനങ്ങൾ വാങ്ങുന്നത്. മല്ലി, മുളക് മുതലായ സാധനങ്ങൾ എളുപ്പം കേടു വരുന്നതിനാൽ രണ്ടിരട്ടി സാധനങ്ങളാണ് ഡിപ്പോകൾ ഇൻഡന്റ് ചെയ്യുന്നത്.<br>ഭക്ഷ്യധാന്യങ്ങൾ ശേഖരിച്ച് വച്ചാൽ അവ പെട്ടെന്ന് ഭക്ഷ്യയോഗ്യമല്ലാതായി തീരാൻ സാധ്യതയുള്ളതിനാലും ഭക്ഷ്യ ധാന്യങ്ങൾക്ക് കൂടുതൽ മുതൽ മുടക്കേണ്ടി വരുന്നതിനാലും കൂടാതെ കിട്ടികൊണ്ടിരിക്കുന്ന സർക്കാർ അനുവദിച്ചിട്ടുള്ള സബ്സിഡി നഷ്ടം നികത്തുവാൻ പര്യാപ്തമല്ലാത്തതിനാലും ഭക്ഷ്യ ധാന്യങ്ങൾക്കുള്ള കരുതൽ ശേഖരം വർദ്ധിപ്പിക്കുന്നതിന് സപ്ലൈകോ ഉദ്ദേശിക്കുന്നില്ല. |

(സി) ഭക്ഷ്യ ധാന്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് നിലവിലുള്ള സൗകര്യങ്ങൾ പര്യാപ്തമാണോ;

(സി) ലഭ്യമായിട്ടുള്ള സംഭരണശേഷി ഉപയോഗിച്ച് ശാസ്ത്രീയമായ സംഭരണ രീതികളായ ഫ്യൂമിഗേഷൻ, മരുന്നു തളിയ്ക്കൽ, പരിശോധന എന്നിവ പാലിച്ച് തൃപ്തികരമായി ഭക്ഷ്യ ധാന്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നു. കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഡി) സപ്ലൈകോ വാങ്ങുന്ന സാധനങ്ങളുടെ പരിശോധനയ്ക്കായി 95/06 എന്ന ക്വാളിറ്റി മാനുവൽ നിലവിലുണ്ട്. ഇവയിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ ഡിപ്പോ തലങ്ങളിലും, ഔട്ട്ലെറ്റ് തലങ്ങളിലും പരിശോധന നടത്തുന്നുണ്ട്.
ഡിപ്പോ തലങ്ങളിലും, ഔട്ട്ലെറ്റ് തലങ്ങളിലും എത്തുന്ന സാധനങ്ങൾ പരിശോധിക്കുവാനും വൃത്തിയാക്കുവാനുമുള്ള സംവിധാനം നിലവിലുണ്ട്.
പായ്ക്കറ്റ് ഭക്ഷ്യ വസ്തുക്കൾക്ക് HACCP, 15,022,000 അഗ്മാർക്ക് എന്നീ ഗുണമേന്മ നിർബന്ധമാക്കിയിട്ടുണ്ട്. CFRD യുടെ കോന്നിയിലുള്ള മൈക്രോ ബയോളജിക്കൽ ലാബിൽ ജൈവസൂക്ഷ്മാണു പരിശോധന ആവശ്യമെങ്കിൽ നടത്തുന്നു. സാധനങ്ങൾ കൈപ്പറ്റിയ ശേഷം ഗുണനിലവാര വ്യതിയാനം ശ്രദ്ധയിൽപ്പെട്ടാൽ കരാറുകാരിൽ നിന്ന് മാറ്റിവാങ്ങാനുള്ള സംവിധാനം ഉണ്ട്. കാലാകാലങ്ങളിൽ ഗുണനിലവാരത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പരിശോധന കൂടുതൽ ശക്തിപ്പെടുത്തുന്നു. കർശനമായ ഗുണനിലവാരം പാലിക്കുവാനും സപ്ലൈകോയുടെ ഗോഡൗണുകളും ഔട്ട്ലെറ്റുകളും ശുദ്ധമായും വൃത്തിയായും പരിപാലിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സപ്ലൈകോയുടെ വിജിലൻസ് വിഭാഗം സാമ്പിളുകൾ ശേഖരിച്ച് പരിശോധിപ്പിക്കുന്നുണ്ട്. ഗുണമേന്മയിൽ സംശയം തോന്നിയാൽ അത്തരം സാധനങ്ങളുടെ വില ഉപഭോക്താവിന് നൽകുവാനുള്ള സംവിധാനം നിലവിലുണ്ട്. സപ്ലൈകോയിൽ നിലവിലുള്ള ഈ ശക്തമായ ക്വാളിറ്റി സംവിധാനം മറ്റ് പ്രൈവറ്റ് സ്ഥാപനങ്ങളിലോ റീട്ടെയിൽ ശൃംഖലയിലോ പൊതുമേഖല സ്ഥാപനങ്ങളിലോ നിലവിലില്ല. കൂടാതെ കോർപ്പറേഷന്റെ തന്നെ വിജിലൻസ് വിഭാഗം കർശനമായ ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. ഇതിനു പുറമേ ഗുണനിലവാര പരിശോധന കൂടുതൽ കർശനമാക്കാൻ എല്ലാ തലങ്ങളിലും നിർദ്ദേശം നൽകി നിരീക്ഷിച്ചുവരുന്നു.

| | |
|---|---|
| (ഇ) സപ്ലൈകോ വിതരണം ചെയ്യുന്ന സാധനങ്ങളുടെ വിലസ്ഥിരത നിലനിറുത്തുന്നതിന് കഴിയുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഇ) സപ്ലൈകോ വഴി വിൽപ്പന നടത്തുന്ന അവശ്യ സാധനങ്ങളുടെ സബ്സിഡി വില നിശ്ചയിക്കുന്നത് സർക്കാർ തലത്തിലാണ്. എല്ലാ മാസവും ഈ രീതിയിൽ നിശ്ചയിച്ച് നൽകുന്ന വിലകൾ 2006 സെപ്തംബർ മാസത്തിന് ശേഷം കാര്യമായി വർദ്ധിപ്പിച്ചിട്ടില്ല. തുവരപ്പരിപ്പ്, മല്ലി, ഉഴുന്ന് എന്നിവയുടെ വിലകൾ മാത്രമാണ് നേരിയ തോതിൽ വർദ്ധിപ്പിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ അവശ്യ ഭക്ഷ്യവസ്തുക്കളുടെ വില സ്ഥിരത കഴിഞ്ഞ നാലു വർഷങ്ങളായി തുടരാൻ കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

| പന്ത്രണ്ടാം കേരള നിയമസഭ | | |
|---|---|---|
| പതിനേഴാം സമ്മേളനം | | |
| നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 322. | | 24-02-2011-ൽ മറുപടിയ്ക്ക് |
| സാഹസിക അക്കാഡമി | | |

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.ജെ.തങ്കപ്പൻ:<br>ശ്രീ.എ.എം.യൂസഫ്:<br>ശ്രീ.എം.ഹംസ:<br>ശ്രീ.എസ്.രാജേന്ദ്രൻ: | | ശ്രീ.വി.സുരേന്ദ്രൻ പിള്ള<br>(തുറമുഖവും യുവജനകാര്യവും വകുപ്പു മന്ത്രി) |
| (എ) | യുവാക്കളിലെ സാഹസിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) യും (ബി) യും<br>യുവാക്കളിൽ സാഹസിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രധാനമായും യുവാക്കൾക്കായി അഡ്വഞ്ചർ കാർണിവൽ എല്ലാ വർഷവും സംഘടിപ്പിച്ചുവരുന്നു. യുവാക്കളിൽ സാഹസിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഇടുക്കി ജില്ലയിലെ ദേവികുളത്ത് പ്രവർത്തിക്കുന്ന ദേശീയ സാഹസിക അക്കാഡമിയിലൂടെയും കണ്ണൂർ ജില്ലയിലെ മുഴുപ്പിലങ്ങാട് സാഹസിക അക്കാഡമി സബ് സെന്റർ മുഖേനയും യുവജനക്ഷേമ ബോർഡ് നിരവധി സാഹസിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. സ്പെഷ്യൽ ഓഫീസർമാരാണ് ഇതിന്റെ ചുമതല നിർവ്വഹിക്കുന്നത്. ഇവരുടെ നേതൃത്വത്തിൽ പരിശീലനവും നൽകിവരുന്നുണ്ട്. നോർത്ത് - ഈസ്റ്റ് മൺസൂൺ ട്രക്കിംഗ്, ഇന്റർ സ്റ്റേറ്റ് ട്രക്കിംഗ്, ബീച്ച് ഫെസ്റ്റ്, പാരാ ഗ്ലൈഡിംഗ്, പാരാസെയിലിംഗ് തുടങ്ങിയവയാണ് അഡ്വഞ്ചർ അക്കാഡമി വഴി സംഘടിപ്പിച്ച പ്രധാന പരിപാടികൾ. |
| (ബി) | ഇതിനായി സ്ഥാപിച്ചിട്ടുള്ള സാഹസിക അക്കാഡമിയുടെ പ്രവർത്തനം വിശദമാക്കുമോ ; | |

| | | | |
|---|---|---|---|
| (സി) | കൂടുതൽ കേന്ദ്രങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (സി) യും (ഡി) യും | |
| | | | ഇപ്പോൾ പരിഗണനയിലില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) | അഡ്വഞ്ചർ ടൂറിസത്തോട് യുവജനങ്ങളുടെ താൽപ്പര്യം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഈ കേന്ദ്രങ്ങളെ ടൂറിസവുമായി ബന്ധിപ്പിച്ച് വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 323 - 24.02.2011 ൽ മറുപടിക്ക്**

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം.പ്രകാശൻ മാസ്റ്റർ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.വി.ശശികുമാർ<br>ശ്രീ.എ.സി.മൊയ്തീൻ | | ശ്രീ.റ്റി.എം.തോമസ് ഐസക്<br>ബഹു:ധനകാര്യ വകുപ്പു മന്ത്രി |
| (എ) | കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | കെ.എഫ്.സിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി 2010-11 സാമ്പത്തിക വർഷത്തിൽ മൂലധന നിക്ഷേപമായി 791 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ഊർജ്ജ സംരക്ഷണ പദ്ധതികൾക്ക് കുറഞ്ഞ നിരക്കിൽ വായ്പ അനുവദിക്കുന്നതിനാണ് ടി തുക അനുവദിച്ചത്. അതു കൂടാതെ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നുള്ള 75 കോടി രൂപയുടെ വായ്പയ്ക്കും ഫെഡറൽ ബാങ്കിൽ നിന്നുള്ള 100 കോടി രൂപ വായ്പയ്ക്കും സംസ്ഥാന സർക്കാരിന്റെ NOC നൽകുകയുണ്ടായി. അതോടൊപ്പം കെ.എഫ്.സിയുടെ 200 കോടി രൂപയുടെ വായ്പയ്ക്കും സർക്കാർ ഗ്യാരണ്ടി നൽകിയിട്ടുണ്ട്.<br>മാനേജ്മെന്റ് പ്രഗത്ഭരെ ഉൾപ്പെടുത്തി കോർപ്പറേഷന്റെ ബോർഡ് പുന:സംഘടിപ്പിച്ചു. കോർപ്പറേഷന്റെ മേധാവിയായി മാനേജ്മെന്റ് വിദഗ്ധനെ നിയമിച്ചു. കോർപ്പറേഷനെ വിഭവ സമാഹരണത്തിന് പ്രാപ്തമാക്കുന്നതിലേയ്ക്കായി മുൻകാല നഷ്ടം എഴുതിത്തള്ളാൻ സഹായിക്കുന്ന വിധത്തിൽ 150 കോടി രൂപ മൂലധനം സർക്കാർ നൽകി. നിഷ്ക്രിയ ആസ്തികളിൽ നിന്നും കഴിയുന്നത്ര തിരിച്ചടവ് ലഭിക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഉദാരമാക്കി. കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്കായി സംരംഭക സമ്പർക്ക പരിപാടികൾ നടത്തി. |
| (ബി) | വായ്പാ പലിശ നിരക്കിൽ കുറവ് വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പലിശ നിരക്ക് ഏകദേശം 14% ആയിരുന്നു. അതിപ്പോൾ 10.50% മായി കുറച്ചു. കൂടാതെ പ്രവാസി മലയാളികൾക്ക് 7% നിരക്കിൽ പുനരധിവാസ വായ്പ, ഊർജ്ജ സംരക്ഷണ പദ്ധതികൾക്ക് 5% പലിശ നിരക്കിലുള്ള വായ്പ എന്നിവ നൽകുന്നുണ്ട്. കൂടാതെ വനിതാ വ്യവസായ സംരംഭകർക്ക് ആകർഷകമായ പലിശ നിരക്കിൽ വായ്പകൾ അനുവദിക്കുന്നുണ്ട്. |
| (സി) | വായ്പാ കുടിശ്ശിക വരുത്തിയവർക്ക് എന്തെങ്കിലും ആനുകൂല്യം നൽകിയിട്ടുണ്ടോ; | വ്യവസായ സംരംഭകരുടേതല്ലാത്ത കാരണങ്ങൾ കൊണ്ട് വായ്പ കുടിശ്ശിക വന്ന സാഹചര്യങ്ങളിൽ പരമാവധി ഇളവുകൾ നൽകി വായ്പ പുനക്രമീകരിക്കുന്നു. കൂടാതെ വായ്പ അടച്ചു തീർത്തു |

| | | |
|---|---|---|
| | | ബാധ്യതകൾ അവസാനിപ്പിക്കുന്നതിലേയ്ക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഉദാരമാക്കി. ഇതിന്റെ ഭാഗമായി പലിശ, പിഴപ്പലിശ മുതലായവ പൂർണ്ണമായോ ഭാഗികമായോ എഴുതിത്തള്ളുകയോ, വളരെ അർഹതപ്പെട്ട കേസുകളിൽ മുതലിന്റെ നിശ്ചിത ശതമാനം വരെ എഴുതിത്തള്ളുകയോ ചെയ്യാറുണ്ട്. (നിബന്ധനകൾക്ക് വിധേയമായി).<br>വ്യവസായ സംരംഭം പ്രായോഗികമല്ലാതെ പോകുന്ന അവസരങ്ങളിലോ പ്രധാന സംരംഭകൻ മരിച്ചു പോകുകയോ ചെയ്യുന്ന അവസരങ്ങളിൽ ചില ഉപാധികൾക്ക് വിധേയമായി പിഴപ്പലിശ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് മുഴുവനായും എഴുതിത്തള്ളാൻ വ്യവസ്ഥയുണ്ട്. |
| (ഡി) | പുതുതായി എന്തെല്ലാം വായ്പാ പദ്ധതികൾ നടപ്പാക്കി എന്ന് വ്യക്തമാക്കുമോ; | വനിതാ വ്യവസായ സംരംഭങ്ങൾക്കുള്ള പ്രത്യേക വായ്പകൾ, പ്രവാസി മലയാളികൾക്കുള്ള പ്രത്യേക പദ്ധതി, ഊർജ്ജ സംരക്ഷണ പദ്ധതികൾക്കുള്ള വായ്പകൾ, മൈക്രോ ഫിനാൻസ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വായ്പ തുടങ്ങിയവയാണ് പുതുതായി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ വായ്പ പദ്ധതികൾ. |
| (ഇ) | വായ്പാ നടപടികൾ ലളിതമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ഉണ്ട്. ജില്ലാ, മേഖലാ ഓഫീസുകൾക്ക് കൂടുതൽ അധികാരങ്ങൾ നൽകി ഇടപാടുകാർക്ക് സേവനം സത്വരമാക്കി. വസ്തു ജാമ്യമില്ലാതെ 50 ലക്ഷം രൂപ വരെ വായ്പ നൽകുന്നതിനായി, കെ.എഫ്.സി ക്രെഡിറ്റ് ഗ്യാരന്റി ട്രസ്റ്റിൽ അംഗമായിട്ടുണ്ട്. മുതൽ തിരിച്ചടയ്ക്കുവാനായി മറ്റു ധനകാര്യ സ്ഥാപനങ്ങളെ അപേക്ഷിച്ച് കൂടുതൽ അവധി നൽകുന്നു. |
| (എഫ്) | കോർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരണം നടത്തി വരുന്നു. മ്യൂച്വൽ ഫണ്ടുകളുടെ വിതരണം, ഇൻഷ്വറൻസ് കമ്പനികളുടെ കോർപ്പറേറ്റ് ഏജന്റായി പ്രവർത്തിക്കൽ എന്നീ മേഖലകളിലേയ്ക്കും പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. പുതു വ്യവസായ സംരംഭകർക്ക് പരിശീലനവും കൺസൽട്ടൻസി സേവനവും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.324 24.02.2011- ൽ മറുപടിയ്ക്ക്.

## കന്നുകാലി സമ്പത്തിനെക്കുറിച്ച് കണക്കെടുപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് എം. പുതുശ്ശേരി:<br>ശ്രീ. റോഷി അഗസ്റ്റിൻ:<br>ശ്രീ. തോമസ് ചാഴിക്കാടൻ:<br>ശ്രീ. പി.സി. ജോർജ്ജ്: | ശ്രീ.സി. ദിവാകരൻ<br>(ബഹു.ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി). |
| (എ) സംസ്ഥാനത്തെ കന്നുകാലി സമ്പത്തിനെക്കുറിച്ച് കണക്കെടുപ്പ് നടത്തുകയുണ്ടായോ; എങ്കിൽ ആയത് പൂർത്തിയായിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ; | (എ) 2007-ൽ കണക്കെടുപ്പ് നടത്തുകയുണ്ടായി. ആയത് പൂർത്തിയായിട്ടുണ്ട്. |
| (ബി) കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുവാൻ പദ്ധതികൾ ആവിഷ്കരിച്ചുവോ; എങ്കിൽ വിശദമാക്കുമോ; | (ബി) കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുവാൻ ആവിഷ് കരിച്ച പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. അയൽ സംസ്ഥാനങ്ങളിൽ നിന്നും കന്നുകാലികളെ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന പദ്ധതികൾ.<br>എ) ഭക്ഷ്യസുരക്ഷാ പദ്ധതി.<br>ബി) സംയോജിത കന്നുകാലി വികസന പദ്ധതി (ജീവരേഖ).<br>സി) വിദർഭ പദ്ധതി.<br>ഡി) സുനാമി പുനരധിവാസ പദ്ധതി.<br>ഇ) കുട്ടനാട്, ഇടുക്കി പാക്കേജുകൾ.<br>എഫ്) രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി.<br>2. മറ്റു പദ്ധതികൾ<br>എ) മൃഗാശുപത്രികളുടെ വികസനവും പുനസംഘടനയും, മൃഗചി |

കിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ.

ബി) കുളമ്പുരോഗ നിയന്ത്രണത്തിനുള്ള പരിപാടി.

സി) കന്നുകാലി രോഗങ്ങളെ നിയന്ത്രിക്കുന്നതിന് സംസ്ഥാനത്തിനുള്ള ധനസഹായം (75% കേന്ദ്രാവിഷ്കൃത പദ്ധതി)

ഡി) ഊർജ്ജിത കന്നുകാലി വികസനം.

ഇ) വികസനവും പരിശീലനവും.

3) കന്നുക്കുട്ടി പരിപാലന പദ്ധതി .

4) സംരംഭക മൂലനിധി.

5) കന്നുകാലി ഇൻഷ്വറൻസ് പദ്ധതി.

(സി) തനത് ജനുസുകളുടെ പരിപാലനവും പരിരക്ഷയും ഉറപ്പുവരുത്താൻ നിലവിൽ പദ്ധതികൾ ഉണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) ഉണ്ട്.

തനതു ജനുസ്സുകളുടെ പരിപാലനവും പരിരക്ഷയും ഉറപ്പുവരുത്താൻ താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു.

1. കേന്ദ്രാവിഷ് ക്കൃത പദ്ധതിയായ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന അയവിറക്കുന്ന മൃഗങ്ങളുടെ സംരക്ഷണം (100% കേന്ദ്രസഹായം) എന്ന പദ്ധതി.

2. ഈ സാമ്പത്തിക വർഷം കന്നുകാലി ഫാമുകളുടെ ശക്തിപ്പെടുത്തൽ എന്ന പദ്ധതിയിൽ വംശനാശം നേരിടുന്ന തനതു കന്നുകാലികളെ സർക്കാർ ഫാമുകളിൽ സംരക്ഷിക്കുന്നതിന് ആവിഷ് ക്കരിച്ചിട്ടുള്ള ഘടക പദ്ധതി.

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ എൻ.എ.റ്റി.പി (നാഷണൽ അഗ്രിക്കൾച്ചർ ടെക്നോളജി

പ്രോജക്റ്റ്) എന്ന പദ്ധതി പ്രകാരം കാസർഗോഡ്, വടകര, ഹൈറേഞ്ച് ഡ്വാർഫ്,കുട്ടനാട് പോത്തുകൾ എന്നീ ഇനങ്ങളിൽപ്പെട്ട കന്നുകാലികളെ കണ്ടെത്തി അവയെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതുകൂടാതെ വെച്ചൂർ ഇനത്തിൽപ്പെട്ട പശുക്കളെ സംരക്ഷിക്കുന്നതിന് സർവ്വകലാശാലയുടെ ഫാമിൽ പദ്ധതി നടപ്പിലാക്കി വരുന്നു. കേരളത്തിൻെറ തനത് ജനുസ്സുകളായ മലബാറി,അട്ടപ്പാടി ആടുകളുടേയും അങ്കമാലി ബ്ളാക്ക് പന്നികളുടേയും സംരക്ഷണത്തിനായി കേന്ദ്രസഹായത്തോടുകൂടി **KLDB** മുഖേന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| (ഡി) | ഇക്കാര്യത്തിൽ കർഷകർക്ക് പ്രോത്സാഹനം എന്ന നിലയിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) | തനതു ജനുസ്സുകളെ സർക്കാർ ഫാമിലൂടെ സംരക്ഷിച്ച് അവയെ പ്രത്യുൽപാദനം നടത്തി അവയുടെ കുഞ്ഞുങ്ങളെ കർഷകർക്ക് വിതരണം ചെയ്യുന്നതിന് ലക്ഷ്യമിട്ട് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.325 — 24. 02. 2011 ൽ മറുപടിയ്ക്ക്

## എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. സി.ടി.അഹമ്മദ് അലി<br>ശ്രീ. യു.സി.രാമൻ<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് ഇപ്പോൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | നിലവിലുണ്ട്. |
| ബി) | പ്രസ്തുത ആക്ടിലെ വ്യവസ്ഥകളേതെങ്കിലും ഒരു എക്സിക്യൂട്ടീവ് ഓർഡർ മുഖേന റദ്ദാക്കാനോ, തടഞ്ഞുവയ്ക്കാനോ സർക്കാരിന് അധികാരമുണ്ടോ; എങ്കിൽ ഏതു ഭരണഘടനാ വ്യവസ്ഥയാണ് ഇതനുവദിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) | സർക്കാരിന് അധികാരമില്ല. |
| സി) | പ്രസ്തുത ആക്ട് നിലവിലിരിക്കെ പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നിയമനങ്ങൾ നടത്തുന്നത് സർക്കാരിനറിവുണ്ടോ; എങ്കിൽ അത്തരം നിയമവിരുദ്ധ നടപടികൾക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (സി). | കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് നിലവിലിരിക്കെ പൊതുമേഖല സ്ഥാപനങ്ങളിലേയ്ക്ക് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നിയമനങ്ങൾ നടത്തുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ആക്ടിൻെറ പരിധിയിൽ വരുന്ന ഒഴിവുകൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ അറിയിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എങ്കിലും അത്തരം ഒഴിവുകൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ മുഖേന നികത്തണമെന്ന് നിഷ്കർഷിക്കാൻ പാടില്ലെന്നും ആക്ടിലുണ്ട്. 25/10/2004ലെ 11887/ജി2/03/തൊഴിൽ നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും, സ്ഥാപന തലവൻമാർക്കും പി.എസ്.സി.യുടെ പരിധിക്ക് പുറത്തു വരുന്ന ഒഴിവുകൾ |

നിക്ത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ മുഖേന 1959ലെ സി.എൻ.വി.ആക്ടിൻെറ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമായിരിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലാ എംപ്ലോയ്മെൻറ് ഓഫീസർമാരും, എംപ്ലോയ്മെൻറ് മാർക്കറ്റിംഗ് ഇൻഫർമേഷൻ ഓഫീസർമാരും തങ്ങളുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്തി അനധികൃതനിയമനങ്ങൾ നടത്തിയിട്ടുള്ള സ്ഥാപനങ്ങൾക്കെതിരെ ആക്ട് ലംഘനത്തിന് നടപടി സ്വീകരിക്കുന്നുണ്ട്. അനധികൃതമായി നിയമിച്ചിട്ടുള്ളവരെ പിരിച്ചുവിട്ട് ഒഴിവ് നിയമാനുസൃതം നികത്തുവാൻ നിർദ്ദേശിക്കുകയും, ആവശ്യമുള്ളപക്ഷം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്യാറുണ്ട്. കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി തൃപ്തികരമല്ലെങ്കിൽ നിയമം പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുവാനും വ്യവസ്ഥയുണ്ട്. അനധികൃതനിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾക്കെതിരെ വകുപ്പ് നടപടി സ്വികരിച്ചു വരുന്നു.

ഡി) പുതുതായി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലേക്ക് ഈ നിയമവ്യവസ്ഥകൾക്ക് വിരുദ്ധമായി ചില ഏജൻസികൾ മുഖേന നേരിട്ട് അപേക്ഷ ക്ഷണിച്ചിട്ടുള്ളതായി അറിയാമോ;

(ഡി) നേരിട്ട് അപേക്ഷ ക്ഷണിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഇ) ഇതിനെതിരെ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(ഇ) ഇതു സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

എഫ്) ലക്ഷക്കണക്കിന് തൊഴിൽ രഹിതർ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് വർഷങ്ങളായി തൊഴിലിന് കാത്തിരിക്കുമ്പോൾ ഇത്തരത്തിൽ നിലവിലെ നിയമത്തിനു വിരുദ്ധമായി നടത്തിയ നിയമനങ്ങൾ റദ്ദാക്കാനും പുതിയ

എഫ്) 1959-ലെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിന് വിരുദ്ധമായി നിയമനങ്ങൾ നടത്തുന്നതിനെതിരെ 25/10/04ലെ 11887/ജി2/03/തൊഴിൽ നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും സ്ഥാപന തലവൻമാർക്കും

| | |
|---|---|
| നിയമന - നീക്കം തടയാനും ആവശ്യമായ നിർദ്ദേശം നൽകുമോ? | കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലാ എംപ്ലോയ്മെൻറ് ഓഫീസർമാരും, എംപ്ലോയ്മെൻറ് മാർക്കറ്റിംഗ് ഇൻഫർമേഷൻ ഓഫീസർമാരും തങ്ങളുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്തി അനധികൃത നിയമനങ്ങൾ നടത്തിയിട്ടുള്ള സ്ഥാപനങ്ങൾക്കെതിരെ ആക്ട് ലംഘനത്തിന് നടപടി സ്വീകരിക്കുന്നുണ്ട്. അനധികൃതമായി നിയമിച്ചിട്ടുള്ളവരെ പിരിച്ചുവിട്ട് ഒഴിവ് നിയമാനുസൃതം നികത്തുവാൻ നിർദ്ദേശിക്കുകയും, ആവശ്യമുള്ളപക്ഷം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്യാറുണ്ട്. കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി തൃപ്തികരമല്ലെങ്കിൽ നിയമം പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുവാനും വ്യവസ്ഥയുണ്ട്. അനധികൃത നിയമനങ്ങൾ തടയുന്നതിന് എംപ്ലോയ്മെൻറ് വകുപ്പ് ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 326 | 24.02.2011 ൽ മറുപടിയ്ക്ക്

## ജനങ്ങളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.എം.യൂസഫ്<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് | ശ്രീ.വി.എസ്.അച്ചുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ജനങ്ങളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിന് പരിസ്ഥിതി വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ വിശദാംശം നൽകുമോ; മെച്ചപ്പെട്ട മാലിന്യ നിയന്ത്രണത്തിന് വകുപ്പ് പ്രോത്സാഹനം നൽകുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) പരിസ്ഥിതി വകുപ്പിന്റെ കീഴിലുള്ള പരിസ്ഥിതിയും കാലാവസ്ഥ വ്യതിയാനവും ഡയറക്ടറേറ്റും ജൈവവൈവിധ്യ ബോർഡും, ജനങ്ങളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിന് വിവിധ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ജൈവവൈവിധ്യ ബോർഡ് നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെ കൊടുക്കുന്നു.<br><br>1. പഞ്ചായത്തുതല ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിൽ ഗ്രാമപഞ്ചാ |

യത്ത് തലത്തിൽ ഓരോ വാർഡിലും 5 പേർ വീതവും, പഞ്ചായത്തിലെ ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾക്കും (8 പേർ) പരിശീലനം നൽകുന്നു.

2. സ്കൂൾ/കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കായി പരിസ്ഥിതി സംരക്ഷണത്തിൽ ബോധവൽക്കരണ/പരിശീലന പരിപാടികൾ നടത്തുന്നു.

3. വർഷം തോറും കുട്ടികളുടെ പരിസ്ഥിതി കോൺഗ്രസ് സംഘടിപ്പിക്കുന്നു.

4. പരിസ്ഥിതി/ആവാസവ്യവസ്ഥാ വിഷയങ്ങളിൽ സെമിനാറുകൾ, ശില്പശാലകൾ, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിന്, വിദ്യാലയങ്ങൾ, ഗവേഷണസ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ എന്നിവർക്ക് ധനസഹായം നൽകുന്നു.

5. വാർഷിക ജൈവവൈവിധ്യ മേളകൾ സംഘടിപ്പിക്കുന്നു.

6. 2010 അന്തർദേശീയ ജൈവവൈവിധ്യ വർഷമായി ആചരിച്ചതിന്റെ ഭാഗമായി, ഇന്ത്യയിൽ ആദ്യമായി ഒരു ദേശീയ ജൈവവൈവിധ്യ കോൺഗ്രസ് തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. പൊതുജനങ്ങൾക്കായി ഒരു ജൈവവൈവിധ്യ പ്രദർശനവും നടത്തി.

മലിനീകരണ നിയന്ത്രണ ബോർഡ് പരിസ്ഥിതി അവബോധ പ്രവർത്തനങ്ങൾക്കായി അവബോധ സെമിനാറുകളും, ക്ലാസുകളും സംഘടിപ്പിക്കുക, സന്നദ്ധ സംഘടനകൾ, മറ്റ് ഏജൻസികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് അവബോധ പ്രവർത്തനങ്ങൾ നട

ആവശ്യമായ സാമ്പത്തിക സഹായവും സാങ്കേതിക സഹായവും നൽകുക, അവബോധ സെമിനാറുകളിലും ക്ലാസുകളിലും ബോർഡിന്റെ ഉദ്യോഗസ്ഥർ പങ്കെടുത്ത് ക്ലാസുകൾ എടുക്കുക, സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ എക്സിബിഷനുകളിൽ സ്റ്റാളുകൾ സംഘടിപ്പിക്കുക, ലഘുലേഖകൾ, വാർത്താപത്രിക, ഹ്രസ്വചിത്രങ്ങൾ എന്നിവ ഇറക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. മെച്ചപ്പെട്ട മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന സർക്കാർ-സ്വകാര്യ ആശുപത്രികൾ, വ്യവസായ ശാലകൾ, റിസോർട്ടുകൾ-ഹോട്ടലുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ബോർഡ് വർഷം തോറും മലിനീകരണ നിയന്ത്രണ അവാർഡുകൾ നൽകുന്നു.

പരിസ്ഥിതിയും കാലാവസ്ഥ വ്യതിയാനവും ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ പരിസ്ഥിതി അവബോധവും വിദ്യാഭ്യാസവും എന്ന സംസ്ഥാന പദ്ധതിയിൻ പ്രകാരം സംസ്ഥാനത്തെ 150 കോളേജുകളിൽ ഭൂമിത്രസേന ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പരിസ്ഥിതി സംബന്ധമായ വിഷയങ്ങളിന്മേൽ സെമിനാർ/വർക്ക്ഷോപ്പുകൾ എന്നിവ നടത്തുന്നതിനായി സാമ്പത്തികസഹായവും ഈ പദ്ധതിപ്രകാരം നൽകി വരുന്നുണ്ട്.

മാലിന്യ നിയന്ത്രണത്തിന് പരിസ്ഥിതി വകുപ്പ് നേരിട്ട് പ്രോത്സാഹനം നൽകുന്നില്ലെ

ങ്കിലും ഈ വകുപ്പു മുഖേന കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് 2010-11 ലെ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ള 242 ലക്ഷം രൂപയുടെ ധനസഹായത്തിൽ മാലിന്യ നിയന്ത്രണത്തിനെ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

(സി) പരിസ്ഥിതി വകുപ്പ് പെരിയാർ റിവർ ആക്ഷൻ പ്ലാൻ പ്രകാരം നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) പെരിയാർ നദി ഒഴുകി വരുന്ന ഇടനാടും ഉൾനാടും ഉൾപ്പെട്ട ഗ്രാമപ്രദേശങ്ങളിൽ നിന്നുമുള്ള മലിനീകരണം കണ്ടെത്താനും നിയന്ത്രണ നടപടികൾ കൈക്കൊള്ളാനുമായി സർക്കാർ നിർദ്ദേശപ്രകാരം ഒരു പഠനം തിരുവനന്തപുരത്തുള്ള സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡെവലപ്മെന്റ് (CED) എന്ന സ്ഥാപനം വഴി സംസ്ഥാന പരിസ്ഥിതി മാനേജ്മെന്റ് ഏജൻസി 2009-10 വർഷം നടത്തുകയുണ്ടായി. സർക്കാർ/നബാർഡ് (RIDF) സഹായത്തോടെ പ്രസ്തുത പഠന നിർദ്ദേശങ്ങൾക്ക് നടപ്പു വർഷം തുടക്കമിടാൻ ഉദ്ദേശിയ്ക്കുന്നു. നദീ പരിപാലനത്തിനായി നടപ്പു വർഷത്തെ ബഡ്ജറ്റിൽ 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) പെരിയാറിനെ മാലിന്യ വിമുക്തമാക്കുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ പരിസ്ഥിതി വകുപ്പ് നൽകിയിട്ടുള്ളത്;

(ഡി) പെരിയാർ നദീ തടത്തിന്റെ മേൽ ഭാഗങ്ങളിൽ മാലിന്യങ്ങൾ എത്തിച്ചേരുന്നത് ഒഴിവാക്കുന്നതിനും നഗര മേഖലകൾ ഉൾപ്പെടുന്ന പെരിയാർ നദീതട മേഖലയുടെ കീഴ്ഭാഗങ്ങളിൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങളുടെ വിലയിരുത്തലും മേൽനോട്ടവും കൂടുതൽ ശക്തിപ്പെടുത്തുവാനും ധാരണയായിട്ടുണ്ട്. പെരിയാറിന്റെ മലിനീകരണം തടയാൻ

മലിനീകരണ നിയന്ത്രണ ബോർഡ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പെരിയാറിലേക്ക് പാഴ്ജലം ഒഴുക്കുന്ന 23 വ്യവസായങ്ങൾക്ക് സീറോ എഫ്ളുവന്റ് ഡിസ്ചാർജ്ജ് സംവിധാനം ഏർപ്പെടുത്തണമെന്ന നിർദ്ദേശം ബോർഡ് നൽകി. സീറോ ഡിസ്ചാർജ്ജ് സിസ്റ്റം പൂർണ്ണമായും നടപ്പാക്കാൻ ബുദ്ധിമുട്ടുള്ള വ്യവസായങ്ങൾക്ക് പാഴ്ജലത്തിന്റെ അളവ് 80 % കണ്ട് കുറയ്ക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം 7 വ്യവസായശാലകൾ സീറോ എഫ്ളുവന്റ് ഡിസ്ചാർജ്ജ് സംവിധാനം ഏർപ്പെടുത്തി. കൂടാതെ 24 വ്യവസായശാലകൾക്ക് നിർഗമന സ്ഥാനത്ത് പാഴ്ജല ഗുണനിലവാരം തുടർച്ചയായി പരിശോധിക്കുന്നതിന് ഓൺലൈൻ മോണിറ്ററിംഗ് സിസ്റ്റം ഏർപ്പെടുത്താൻ നിർദ്ദേശം നൽകിയിരുന്നു. 11 വ്യവസായശാലകൾ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ പാഴ്ജലം പെരിയാറിലേക്ക് ഒഴുക്കിയത് നിറുത്തിയതും സീറോ എഫ്ളുവന്റ് ഡിസ്ചാർജ്ജ് സിസ്റ്റം ഏർപ്പെടുത്തിയതുമായി 9 വ്യവസായങ്ങൾ ഉണ്ട്. ഇവ ഒഴികെ 4 വ്യവസായങ്ങൾ ഈ സംവിധാനം ഏർപ്പെടുത്താനുണ്ട്. മലിനീകരണ നിയന്ത്രണ സംവിധാനങ്ങളുടെ തുടർച്ചയായ പ്രവർത്തനം ഉറപ്പു വരുത്താനായി 23 വ്യവസായശാലകൾക്ക് എനർജി മീറ്റർ വയ്ക്കണമെന്ന് നിർദ്ദേശം നൽകി. 14 വ്യവസായശാലകളിൽ സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. പെരിയാറിലേക്ക് പാഴ്ജലം ഒഴുക്കുന്നത് നിറുത്തിയതു കാരണം 7 വ്യവസായങ്ങൾ ഈ സംവി

ധാനം ഏർപ്പെടുത്തേണ്ടതില്ല. ബാക്കി 2 വ്യവസായങ്ങൾ എനർജി മീറ്റർ വെക്കേണ്ടതുണ്ട്. വ്യവസായശാലകൾക്ക് അനുവദിച്ചിട്ടുള്ള പാഴ്ജല നിർഗമന കുഴലുകൾ തിരിച്ചറിയുന്നതിനായി അവ നദിയിലെ ജലനിരപ്പിനു മുകളിലായി ഉയർത്തണമെന്ന് ബോർഡ് 31 വ്യവസായശാലകൾക്ക് നിർദ്ദേശം നൽകി. ഇതിൽ 17 വ്യവസായശാലകൾ നിർദ്ദേശം പാലിച്ചു. എന്നാൽ 14 വ്യവസായശാലകൾ ഇപ്പോൾ പാഴ്ജലം നേരിട്ട് പെരിയാറിലേക്ക് ഒഴുക്കുന്നില്ല. പാഴ്ജലം നിർഗമനത്തിനു മുമ്പ് 4 മണിക്കൂറെങ്കിലും ശേഖരിച്ച് നിറുത്താനുള്ള ഡിലേ പോണ്ട് സംവിധാനം ഏർപ്പെടുത്താൻ 30 വ്യവസായശാലകൾക്ക് നിർദ്ദേശം നൽകിയിരുന്നു. 26 പേർ അത്തരം ഡിലേപോണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്. 2 വ്യവസായങ്ങൾ പെരിയാറിലേക്ക് നേരിട്ട് പാഴ്ജലം ഒഴുക്കുന്നില്ല. 2 വ്യവസായ സ്ഥാപനങ്ങളിൽ ഈ സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ അറ്റകുറ്റപ്പണികൾ നടത്താനും ആവശ്യമെങ്കിൽ വിപുലീകരിക്കാനും വ്യവസായശാലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പെരിയാറിലേക്ക് പാഴ്ജലം പുറന്തള്ളുന്നതിന് വ്യവസായശാലകൾക്ക് ബോർഡിൻെറ അനുമതിയില്ലാത്ത രഹസ്യ നിർഗമന മാർഗങ്ങളുണ്ടോ എന്ന് ഹൈദ്രാബാദിലുള്ള നാഷണൽ-ജിയോ ഫിസിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെകൊണ്ട് ഡീപ് പെനിട്രേറ്റിംഗ് റഡാർ പഠനം നടത്തി. രഹസ്യ നിർഗമന കുഴലുകളൊന്നും കണ്ടെത്തിയില്ല. ഏലൂർ മേഖലയിലെ

**മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി** 24 **മണിക്കൂറും പ്രവർത്തിക്കുന്ന എൻവയോൺമെന്റ് സർവ്വേയലൻസ് സെന്റർ ഏലൂരിൽ** സ്ഥാപിച്ച് പ്രവർത്തനം തുടരുന്നു.

ഏലൂർ ഇടയാർ ഉൾപ്പെടെ എറണാകുളം ജില്ലയുടെ പരിസ്ഥിതി ഗുണനിലവാരം നിരീക്ഷിക്കാനു ആവശ്യമുള്ളപ്പോൾ നിയന്ത്രണ/നിവാരണ നടപടികൾ നിരീക്ഷിക്കാനും കുസാറ്റ് സ്ക്കൂൾ ഓഫ് എഞ്ചിനീയറിംഗ് പ്രൊഫസറായ ഡോ.ജി.മധു അധ്യക്ഷനായുള്ള ഒരു 11 അംഗ 'എറണാകുളം ജില്ലാ പരിസ്ഥിതി സമിതി ' ബോർഡ് രൂപീകരിച്ചു. സമിതിയുടെ പ്രവർത്തനം നടന്നു വരുന്നു.

പെരിയാറിലെ നദീജല ഗുണനിലവാരം തുടർച്ചയായി പരിശോധന നടത്തി തിട്ടപ്പെടുത്താൻ കണ്ടിന്യുവസ് മോണിറ്ററിംഗ് സ്റ്റേഷൻ (Continuous monitoring station) സ്ഥാപിക്കാൻ നടപടി എടുത്തു വരുന്നു. അന്തരീക്ഷ വായു ഗുണനിലവാരം തുടർച്ചയായി പരിശോധന നടത്തി തിട്ടപ്പെടുത്താൻ ഏലൂരിൽ ഒരു Continous Ambient Air Quality Monitoring Station കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ സ്ഥാപിക്കാൻ നടപടിയെടുത്തു വരുന്നു.

| | | | |
|---|---|---|---|
| (ഇ) | സംസ്ഥാനത്ത് പരിസ്ഥിതി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (ഇ) | പരിസ്ഥിതി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രസ്തുത വകുപ്പിന്റെ കീഴിൽ പുതുതായി പരിസ്ഥിതിയും കാലാവസ്ഥ വ്യതിയാനവും ഡിപ്പാർട്ട്മെന്റ് രൂപീകരിക്കുകയും നിലവിലുള്ള പരിസ്ഥിതി മാനേജ്മെന്റ് ഏജൻസിയെ പ്രസ്തുത ഡിപ്പാർട്ട്മെന്റിന്റെ ഡയറക്ടറേറ്റായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. |

അഡീഷണൽ സെക്രട്ടറി

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : T 327 — 24-02-2011-ന് വാങ്മൂലം മറുപടിയ്ക്ക്

## കോടതിക്കെതിരെയുള്ള വിമർശനങ്ങൾ തടയുന്നതിനുള്ള നടപടികൾ

**ചോദ്യം**

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. യു. സി. രാമൻ :
ശ്രീ. എം. ഉമ്മർ :

(എ) നീതിന്യായ കോടതികളെയും ന്യായാധിപന്മാരെയും അവഹേളിക്കാനും ആരോപണങ്ങളുന്നയിച്ച് ഭീഷണിപ്പെടുത്താനുമുള്ള ശ്രമങ്ങൾ അടുത്തകാലത്ത് വർദ്ധിച്ചുവരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോടതിവിധികൾ അനുകൂലമാകുമ്പോൾ നിശബ്ദത പാലിക്കുകയും പ്രതികൂലമാകുമ്പോൾ കോടതികളെയും ന്യായാധിപന്മാരെയും വിമർശിക്കുകയും അവഹേളിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന പ്രവണതക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

**മറുപടി**

ശ്രീ. വി. എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ) മുതൽ (ഡി) വരെ

നീതിന്യായ സ്ഥാപനങ്ങൾക്കും ന്യായാധിപൻമാർക്കും മുൻ ന്യായാധിപൻമാർക്കും ബന്ധുക്കൾക്കും എതിരെ പല കോണുകളിൽ നിന്നും പല രീതിയിലുള്ള പരാതികളും ആക്ഷേപങ്ങളും ആരോപണങ്ങളും പല വേദികളിലും ഉന്നയിക്കപ്പെടുന്നുണ്ട്. തെളിവുകളും പരാതികളും രേഖകളും ലഭിക്കുകയാണെങ്കിൽ ഉചിതമായ രീതിയിൽ ഇത് കൈകാര്യം ചെയ്യുവാൻ കഴിയും. മുൻ ചീഫ് ജസ്റ്റിസ് ശ്രീ. കെ. ജി. ബാലകൃഷ്ണന്റെ മരുമകൻ ശ്രീ. ശ്രീനജനെതിരെയുള്ള പരാതിയിൻമേൽ പോലീസ് സ്പെഷ്യൽ ബ്രാഞ്ചും വിജിലൻസ് വിഭാഗവും അന്വേഷണം നടത്തുന്നുണ്ട്.

ശ്രീ. കെ. സുധാകരൻ എം. പി. ഉന്നയിച്ച അരോപണങ്ങളിൻമേൽ ആൾ ഇന്ത്യാ ലായേഴ്സ് യൂണിയൻ സർക്കാരിന് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ 123/2011 ക്രൈം നമ്പരായി ഐ. പി. സി 120, 202 വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്ത കേസ് കന്റോൺമെന്റ് അസിസ്റ്റന്റ് കമ്മീഷണർ അന്വേഷിച്ചുവരുന്നു.

ഹൈക്കോടതി മുൻ ജഡ്ജിമാരായ ജസ്റ്റിസ് കെ. നാരായണക്കുറുപ്പ്, ജസ്റ്റിസ് തങ്കപ്പൻ എന്നിവർക്കെതിരെ ഉയർന്ന വിമർശനങ്ങളെക്കുറിച്ച് യുക്തമായ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് സുപ്രീം കോടതി ചീഫ് ജസ്റ്റിസിന് കത്തെഴുതിയിട്ടുണ്ട്

(സി) ഭരണഘടനാനുസൃത സ്ഥാപനങ്ങളായ എക്സിക്യൂട്ടീവ്, ജുഡീഷ്യറി, ലെജിസ്ലേച്ചർ എന്നിവയുടെ സത്യസന്ധതയും പാവനതയും സംരക്ഷിക്കുവാൻ ഓരോ സ്ഥാപനത്തിലും ചുമതലയുണ്ടെന്ന കാര്യം അംഗീകരിക്കുന്നുണ്ടോ ; എങ്കിൽ ഇന്നത്തെ അവസ്ഥയ്ക്ക് പരിഹാരം കാണാൻ എന്തെങ്കിലും ക്രിയാത്മകമായ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) കോടതികളുടെ അന്തസ്സിന് കോട്ടം സംഭവിക്കുന്ന തരത്തിലുള്ള ഇത്തരം പ്രവണതകൾ തടയാൻ കർശന നടപടികൾ സ്വീകരിക്കുമോ ?

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 328

24.02.2011 ൽ മറുപടിയ്ക്ക്

കൊല്ലം കുണ്ടറയിലെ ടെക്നോപാർക്കിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ് ;<br>ശ്രീ. പി.സി. വിഷ്ണുനാഥ് ;<br>ശ്രീ. എം. മുരളി ;<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ; | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | കൊല്ലം കുണ്ടറയിലെ ടെക്നോപാർക്കിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഇതുവരെ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ ; | എ) | കൊല്ലം കുണ്ടറയിലെ ടെക്നോപാർക്കിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഇതുവരെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:<br>1) 110 KV Substation<br>2) കനാലിനു ചുറ്റുമുള്ള കരിങ്കൽ ഭിത്തി നിർമ്മാണം<br>3) ഭൂമി വികസനം<br>4) റോഡു നിർമ്മാണം<br>5) ജലവിതരണ ശൃംഖല<br>6) മലിന ജലത്തിന്റെ സംസ്കരണം<br><br>ഇതിനു പുറമേ ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള 'അഷ്ടമുടി ടവേഴ്സ്' എന്ന കെട്ടിടത്തിന്റെ പണി പൂർത്തിയായി വരുന്നു. |
| ബി) | ഇവിടത്തെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിക്കഴിഞ്ഞുവോ ; | ബി) | ഇവിടത്തെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. |
| സി) | ഇതിനായി ഇതുവരെ എത്ര സ്ഥലം ഏറ്റെടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ ; | സി) | ഇതുവരെ 44 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. |
| ഡി) | ഒന്നാംഘട്ടത്തിൽ ഇവിടെ എത്ര സംരംഭകർക്ക് സ്ഥലസൗകര്യം ലഭ്യമാകുമെന്ന് വെളിപ്പെടുത്തുമോ ; | ഡി) | ഒന്നാം ഘട്ടത്തിൽ ഇവിടെ 5000 പേർക്കിരിക്കാവുന്ന സ്ഥലസൗകര്യമാണുള്ളത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 329

24.02.2011 ൽ
മറുപടിയ്ക്ക്

കേരളത്തിലെ ഐ.ടി.മേഖലയുടെ വികസനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സാജു പോൾ ;<br>ശ്രീ. ബാബു എം. പാലിശ്ശേരി ;<br>ശ്രീ. പി. ജയരാജൻ ;<br>ശ്രീ. വി. ശിവൻകുട്ടി ; | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |

എ) കേരളത്തെ പ്രധാനപ്പെട്ട ഒരു ഐ.ടി. ഡെസ്റ്റിനേഷനാക്കി മാറ്റുന്നതിന് ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടെക്നോപാർക്ക് മൂന്നാം ഘട്ടം, ടെക്നോസിറ്റി, ഇൻഫോപാർക്ക് രണ്ടാംഘട്ടം കൂടാതെ കൊല്ലം, അമ്പലപ്പുഴ, ചേർത്തല, കൊരട്ടി, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് എന്നിവിടങ്ങളിൽ 10 പുതിയ ഐ.ടി പാർക്കുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചു. അതിൽ കൊരട്ടി, ചേർത്തല, കൊല്ലം എന്നിവിടങ്ങളിലെ ആദ്യ കെട്ടിടങ്ങൾ പ്രവർത്തനത്തിന് തുറന്നുകൊടുത്തു. ബാക്കിയുള്ള സ്ഥലങ്ങളിലും നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചു.

ഐ.ടി. അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കാൻ KSITIL എന്ന കമ്പനി രൂപീകരിച്ചു. പ്രസ്തുത കമ്പനി ഡെവലപ്പർ ആയി നാല് പ്രത്യേക സാമ്പത്തിക മേഖലകൾക്ക് വിജ്ഞാപനം പുറപ്പെടുവിച്ചു. രണ്ടെണ്ണത്തിന് അനുമതിയും ലഭിച്ചു.

ടെക്നോപാർക്ക് മൂന്നാംഘട്ടത്തിൽ 10 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി കെട്ടിടത്തിന്റെ പണി പൂർത്തിയായി വരുന്നു. കൊല്ലത്ത് ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടം പൂർത്തിയായിക്കൊ-ണ്ടിരിക്കുന്നു. അത്യാധുനിക രീതിയിലുള്ള ഒരു ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിനായി TCS ന് ടെക്നോസിറ്റിയിൽ സ്ഥലം പാട്ടത്തിനു നൽകി.

ഇൻഫോപാർക്ക് കൊച്ചിയിൽ എല്ലാ അത്യാധുനിക സൗകര്യങ്ങളോടും കൂടി 5.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള അതുല്യ എന്ന ഐ.ടി. മന്ദിരം നിർമ്മിച്ച് പ്രവർത്തനസജ്ജമാക്കി. ഇൻഫോപാർക്ക് ഒന്നാംഘട്ടത്തിന്റെ വളർച്ച മുൻനിറുത്തിക്കൊണ്ട് അടുത്ത പ്രദേശമായ കുന്നത്തുനാട് താലൂക്കിൽ കുന്നത്തുനാട് പുത്തൻകുരിശു വില്ലേജിൽ 160 ഏക്കർ സ്ഥലത്ത്

ഇൻഫോപാർക്ക് രണ്ടാംഘട്ടം ആരംഭിക്കുന്നതിന് ഇതിനോടകം തന്നെ നടപടികൾ എടുത്തുകഴിഞ്ഞു.

മലബാറിലെ ഐ.ടി. വ്യവസായ വികസനത്തിനായി രൂപീകരിച്ച കോഴിക്കോട് സൈബർപാർക്ക്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിലെ ഐ.ടി. പാർക്കുകൾ വികസിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഗ്രാമീണ മേഖലയിൽ ടെക്നോലോഡ്ജ് എന്ന പദ്ധതിക്ക് തുടക്കം കുറിച്ചു. ആദ്യത്തെ ടെക്നോലോഡ്ജുകൾ കൊല്ലം ജില്ലയിലെ കടക്കൽ, പെരിനാട് എന്നീ പഞ്ചായത്തുകളിൽ ആരംഭിച്ചു. കൂടാതെ 9 ടെക്നോലോഡ്ജുകൾക്ക് കൂടി ഭരണാനുമതി നൽകിയിട്ടുണ്ട്.

ടീകോമും കേരള സർക്കാരും തമ്മിൽ ഉണ്ടാക്കിയ ധാരണയനുസരിച്ച് സ്മാർട്ട് സിറ്റിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ഉടൻ തന്നെ ആരംഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കേരള ഐ.ടി.യുടെ ബ്രാൻഡ് ലോകമെമ്പാടും പ്രചരിപ്പിക്കുന്നതിനുവേണ്ടി ഐ.ടി. എക്സിബിഷനുകൾ, സെമിനാറുകൾ, റോഡ് ഷോകൾ എന്നിവയിൽ പങ്കെടുക്കുകയും കേരളത്തെ ലോകോത്തര നിലവാരമുള്ള ഒരു ഐ.ടി. ഡെസ്റ്റിനേഷനാക്കി കൊണ്ടുവരികയും ചെയ്തിട്ടുണ്ട്.

ബി) ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാനത്ത് ഏതെല്ലാം പ്രമുഖ ഐ.ടി. കമ്പനികൾ നിക്ഷേപം നടത്തി എന്ന് വെളിപ്പെടുത്തുമോ ;

ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ടെക്നോപാർക്കിൽ 133 ഐ.ടി. സ്ഥാപനങ്ങളും കൊച്ചി ഇൻഫോപാർക്കിൽ Arbitron, UST Global Software തുടങ്ങി 56 കമ്പനികളും നിക്ഷേപം നടത്തിയിട്ടുണ്ട്.

സി) കൂടുതൽ ഐ.ടി. കമ്പനികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നല്കുമോ ;

സി) കൂടുതൽ മെച്ചപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിച്ച് കൂടുതൽ ഐ.ടി. കമ്പനികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിൽ ലഭ്യമായിട്ടുള്ള മികച്ച മാനവവിഭവശേഷി കൂടുതൽ പോഷിപ്പിച്ച് ഐ.ടി. വ്യവസായത്തിന് ലഭ്യമാക്കാൻ വേണ്ടി ഐ.ടി. ഫിനിഷിംഗ് സ്കൂളുകൾ ആരംഭിച്ചിട്ടുണ്ട്. സർക്കാർ, സർക്കാർ അംഗീകൃത ഐ.ടി. പാർക്കുകളിൽ Floor Area Ratio (FAR) 3.25 ആയി ഉയർത്തിയതിനാൽ വളരെയധികം ഐ.ടി. കമ്പനികളും co-developers ഉം ഇവിടെ അവരുടെ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ മുന്നോട്ടു

വന്നിട്ടുണ്ട്. കൂടാതെ വർഷംതോറും ജർമ്മനിയിൽ നടക്കുന്ന CeBIT ദുബായിൽ നടക്കുന്ന GITEX എന്നീ ഐ.ടി. പ്രദർശനമേളകളിൽ കേരളവും സ്ഥിരമായി പങ്കെടുത്തുവരുന്നുണ്ട്.

| | | | |
|---|---|---|---|
| ഡി) | ടെക്നോപാർക്കിൽ ഇപ്പോൾ എത്ര കമ്പനികൾ പ്രവർത്തിക്കുന്നു ; ഇവിടെ പ്രവർത്തനമാരംഭിക്കാൻ ഏതെല്ലാം പുതിയ കമ്പനികൾ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട് ; | ഡി) | ടെക്നോപാർക്കിൽ ഇപ്പോൾ 212 കമ്പനികൾ പ്രവർത്തിക്കുന്നു. കൂടാതെ താഴെപ്പറയുന്ന കമ്പനികൾ ഇവിടെ പ്രവർത്തനമാരംഭിക്കാൻ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.<br><br>**ടെക്നോപാർക്ക് ഒന്നാം ഘട്ടം**<br>Test House India Private Ltd.<br>Kvaliteta Systems & Solutions Private Limited<br>White Oval Technologies Pvt. Ltd<br>Wilga Technologies Pvt. Ltd<br>ITC Infotech<br>Luccent Technologies<br><br>**ടെക്നോപാർക്ക് മൂന്നാം ഘട്ടം**<br>Mc Fadyen Consulting<br>Thought Line<br>HCL Infosystems<br><br>**ടെക്നോപാർക്ക് കൊല്ലം**<br>Revenue Med<br>Aptara Learning |
| ഇ) | ഐ.ടി. മേഖലയിലെ ജീവനക്കാർ അമിത ചൂഷണത്തിന് വിധേയരാകുന്നത് തടയാൻ സർക്കാർ നടപടി സ്വീകരിക്കുമോ ? | ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 330

24.02.2011 - ൽ
മറുപടിക്ക്

**ബി.പി.എൽ. പട്ടികയിലുള്ള വർദ്ധനമൂലം റേഷൻ സാധനങ്ങളുടെ വിതരണത്തിൽ ഉണ്ടാകുന്ന മാറ്റം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.സി.ടി.അഹമ്മദ് അലി | ശ്രീ.സി.ദിവാകരൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ)പുതിയ ബി.പി.എൽ. പട്ടികയ്ക്ക് അംഗീകാരം നൽകിയതിനെത്തുടർന്ന് റേഷൻ കാർഡുകളിൽ ആവശ്യമായിവരുന്ന ക്രമീകരണങ്ങളെക്കുറിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് പുതിയ ലിസ്റ്റ് കിട്ടുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി)നിലവിലെ റേഷൻ കാർഡുകൾ ഏതു വർഷം അംഗീകരിച്ച ബി.പി.എൽ. പട്ടിക പ്രകാരമാണ് ക്രമീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) 1997 -ൽ അംഗീകരിച്ച ബി.പി.എൽ.പട്ടിക പ്രകാരമാണ് നിലവിലുള്ള റേഷൻ കാർഡുകളെ ബി.പി.എൽ. പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| | |

(സി)ബി.പി.എൽ. പട്ടികയിലുണ്ടായ വർദ്ധന റേഷൻ സാധനങ്ങളുടെ വിതരണത്തിലും അവയുടെ അളവിലും ഉണ്ടാക്കുന്ന മാറ്റങ്ങളെ ക്കുറിച്ച് വിലയിരുത്തി യിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) അന്തിമ ബി.പി.എൽ. ലിസ്റ്റ് പ്രകാരം പട്ടികയിലെ ഗുണഭോക്താക്കളുടെ എണ്ണവും, കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന റേഷൻ വിഹിതവും കണക്കിലെടുത്ത്, റേഷൻ വിതരണത്തിലും അളവിലും മാറ്റം വരുത്തേണ്ടതുണ്ടോയെന്ന കാര്യം വിശദമായി പരിശോധിക്കുന്നതാണ്.

(ഡി)നിലവിലുള്ള എ.പി.എൽ., ബിപി.എൽ. കാർഡുകളുടെ ജില്ലതിരിച്ചുള്ള വിശദവിവരം നൽകുമോ;

(ഡി) നിലവിലുള്ള എ.പി.എൽ./ബി.പി.എൽ./എ:എ.വൈ.കാർഡുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | എ.പി.എൽ | ബി.പി.എൽ. | എ.എ.വൈ | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 575563 | 162892 | 65116 | 803571 |
| കൊല്ലം | 430744 | 155523 | 52025 | 638292 |
| പത്തനംതിട്ട | 222691 | 58800 | 26780 | 308271 |
| കോട്ടയം | 314705 | 98764 | 35366 | 448835 |
| ഇടുക്കി | 165549 | 60632 | 31511 | 257692 |
| ആലപ്പുഴ | 335628 | 134349 | 43291 | 533262 |
| എറണാകുളം | 576727 | 102639 | 39641 | 719007 |
| തൃശ്ശൂർ | 518417 | 157951 | 56858 | 733226 |
| പാലക്കാട് | 443955 | 94392 | 47528 | 585875 |
| മലപ്പുറം | 504920 | 143785 | 54928 | 703633 |
| കോഴിക്കോട് | 451189 | 128529 | 42618 | 622334 |
| കണ്ണൂർ | 385031 | 90751 | 35928 | 511710 |
| വയനാട് | 127707 | 23430 | 40046 | 191183 |
| കാസർഗോഡ് | 156679 | 47690 | 20993 | 225362 |
| ആകെ | 5229505 | 1460127 | 592627 | 7282259 |

Early Joseph

സെക്ഷൻ ഓഫീസർ.